06
2025
ആഗസ്റ്റ്
ബുധൻ
കർക്കിടകം 21

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 201 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-201 പേജ് 4. വില 2.00 രൂപ




02 ട്രാൻസ്ജെൻഡർ വിഭാഗത്തിന് ഭവന പദ്ധതിക്ക് അനുമതി

03 സുഹൃത്തിന്റെ അടിയേറ്റ് മത്സ്യത്തൊഴിലാളി മരിച്ച കേസ്; പ്രതി പിടിയിൽ

04 കാലാവസ്ഥാ വ്യതിയാനം സമുദ്രമത്സ്യ മേഖലയെ ഗുരുതരമായി ബാധിക്കുന്നു

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രണ്ടാംഘട്ട നിർമ്മാണത്തിന് ഇനിയും തുടക്കമായില്ല



വിഴിഞ്ഞം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ട വിജയം ആഘോഷിച്ചെങ്കിലും രണ്ടാം ഘട്ട നിർമാണത്തിന് ഇനിയും തുടക്കമായില്ല. ഉടൻ തുടങ്ങുമെന്നു മാസങ്ങൾക്കു മുൻപേ അധികൃതർ അറിയിച്ചെങ്കിലും ഒന്നും നടന്നില്ല.

കടൽക്ഷോഭവും കാലാവസ്ഥാവ്യതിയാനവും പുലിമുട്ടിനായുള്ള കല്ലിടലിനും തടസമായി. ഏകദേശം 1000 കോടിയിൽപ്പരം രൂപയാണ് രണ്ടാംഘട്ട നിർമാണത്തിന് അധികൃതർ പ്രതീക്ഷിക്കുന്നത്. രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തിയാകുന്നതും പ്രതീക്ഷിച്ചു ലോകത്തിലെ നിരവധി കപ്പൽ കമ്പനികൾ രംഗത്തുണ്ട്. ഇവർക്കു വിഴിഞ്ഞത്ത് കപ്പൽ അടുപ്പിക്കണമെങ്കിൽ തുറമുഖം പൂർണ സജ്ജമാകണം.

നിലവിൽ 800 മീറ്റർ നീളവും 400 മീറ്റർവീതിയുമുള്ള ബർത്തിനെ എംഎസ്സി ഷിപ്പിംഗ് കമ്പനി കൈ യടക്കിയിരിക്കുകയാണ്. മാസത്തിൽ 40 മുതൽ 50 വരെ അടുക്കുന്ന കപ്പലുകളിൽ മിക്കവയും എംഎസ്സിയുടേതു മാത്രമാണ്. ലോകത്തിലെ മറ്റ് അഞ്ചോളം പ്രമുഖ കമ്പനികൾ ഇതിനോടകം വിഴിഞ്ഞത്തിന്റെ സാധ്യതകൾ തേടിയെത്തിയതായാണറിവ്. ബർത്ത് ഒഴിവില്ലാത്തത് ഈകമ്പനികൾക്ക് തിരിച്ചടിയായി.

2024 ജൂലൈ 11 നാണ് സാൻഫെർണാണ്ടോ എന്ന ആദ്യകപ്പൽ വിഴിഞ്ഞത്ത് അടുപ്പിച്ച് തുടക്കം കുറിച്ചത്. ട്രയൽ റൺ കഴിഞ്ഞ് ഡിസംബറിൽ വ്യാവസായിക തുറമുഖമായി മാറിയ വിഴിഞ്ഞത്തു കഴിഞ്ഞ ദിവസം വരെ ചരക്കുമായി 425 കപ്പൽ അടുത്തു. ഒൻപതു ലക്ഷം കണ്ടെയ്നറുകളും സുഗമമായി കൈകാര്യം ചെയ്തു.

ലോകത്തിലെ ഏതു തരം തുറമുഖങ്ങളോടും കിടപിടിക്കാൻ പാകത്തിൽ വിഴിഞ്ഞം തുറമുഖം വളർന്നെങ്കിലും കൂടുതൽ കപ്പലുകളെ അടുപ്പിക്കാൻ പാകത്തിൽ എത്തണമെങ്കിൽ രണ്ടും മൂന്നും ഘട്ടം പൂർണ്ണമാകണം. 2028ൽ രണ്ടാംഘട്ടം പൂർണമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടു പുലിമുട്ടുപോലും പൂർ ത്തിയാക്കാനായിട്ടില്ല.

# ഉത്തരാഖണ്ഡിൽ മേഘവിസ്ഫോടനം; 4 മരണം: നിരവധി പേരെ കാണാതായി

## ക്യാമ്പിലുണ്ടായിരുന്ന സൈനികരെ കാണാതായി



ഉത്തരകാശിയിലെ ധാരാലി വില്ലേജിലുണ്ടായ മേഘവിസ്ഫോടനത്തിൽ നാല് മരണം. മലവെള്ളപ്പാച്ചിലിൽ നിരവധി വീടുകൾ ഒലിച്ചുപോയി. ഖീർഗംഗ നദിയിൽ വലിയ വെള്ളപ്പാച്ചിലുണ്ടായി. നദി ധാരാലി ഗ്രാമത്തിലേക്ക് കുത്തിയൊലിച്ച് എത്തുകയായിരുന്നു. 60 ഓളം ആളുകളെ കാണാതായി. ധാരാലി ഗ്രാമത്തിന്റെ ഒരു ഭാഗം മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി.

ഉത്തരാഖണ്ഡിൽ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ശക്തമായ മഴ തുടരുകയാണ്. മഴയോടൊപ്പം ഉണ്ടായ മേഘ വിസ്ഫോടനമാണ് വലിയൊരു മലവെള്ളപ്പാച്ചിലിനിടയാക്കിയത്. പലയിടങ്ങളിലും ഉരുൾപ്പൊട്ടലും മണ്ണിടിച്ചിലും ഉണ്ടായി.

മലനിരകളിൽ നിന്ന് കുത്തിയൊലിച്ചു വരുന്ന നദി ഗ്രാമത്തെ മുഴുവൻ ദുരന്തം വിതച്ചു. ഇരുനിലകെട്ടിടങ്ങലടക്കം തകർന്നു. നിരവധി പേരാണ് മലവെള്ളപ്പാച്ചിലിൽപ്പെട്ടിരിക്കുന്നത്. ദേശീയ ദുരന്ത നിവാരണസേനയും പൊലീസും മറ്റ് സേനകളും എത്തി രക്ഷാപ്രവർത്തനം തുടരുകയാണ്.

പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം നാല് മരണം സ്ഥിരീകരിച്ചതായി ഉത്തരകാശി ജില്ലാ മജിസ്ട്രേറ്റ് പ്രശാന്ത് ആര്യ മാധ്യമങ്ങളോട് പറഞ്ഞു. പത്തോളം പേർ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയതായാണ് സംശയം. ഹർസിലിൽ നിന്നുള്ള സൈനിക സംഘം സ്ഥലത്തെത്തിയിട്ടുണ്ട്. പ്രദേശത്ത് തിരച്ചിൽ തുടരുന്നു.

ഉത്തരാഖണ്ഡിലെ മാറ്റ്ലിയിലുള്ള 12ാം ബറ്റാലിയനിൽ നിന്ന് 16 അംഗ ഇന്തോടിബറ്റൻ ബോർഡർ പൊലീസ് (ഐടിബിപി) സംഘം ധരാലിയിൽ എത്തിയിട്ടുണ്ട്. 16 അംഗങ്ങളുള്ള മറ്റൊരു യൂണിറ്റിനോടും മേഘവിസ്ഫോടന സ്ഥലത്തേക്ക് എത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

എ സ് ഡി ആർ എ ഫ്, എൻഡിആർഎഫ്, ജില്ലാ ഭരണകൂടം, മറ്റ് അനുബന്ധ ടീമുകൾ എന്നിവ ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഏർപ്പെട്ടിരിക്കുന്നതായി മുഖ്യമന്ത്രി പുഷ്കർ ധാമി എക്സിൽ കുറിച്ചു. ഗംഗോത്രിയിലേക്കുള്ള വഴിയിലെ പ്രധാന ഇടത്താവളമാണ് ധരാലി. നിരവധി ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഹോം സ്റ്റേകൾ എന്നിവ ഇവിടെയുണ്ട്.

# കേരള ക്രിക്കറ്റ് ലീഗിന് ആവേശം പകരാൻ മോഹൻലാൽ; പരസ്യചിത്ര പ്രകാശനം ഓഗസ്റ്റ് 7ന്



തിരുവനന്തപുരം: കേരളക്കരയുടെ ക്രിക്കറ്റ് ആവേശം ഇരട്ടിയാക്കാൻ മലയാളികളുടെ പ്രിയ താരം മോഹൻലാൽ. കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിന്റെ ഔദ്യോഗിക പരസ്യ ചിത്രത്തിന്റെ പ്രകാശനം ഓഗസ്റ്റ് 7ന് തിരുവനന്തപുരത്ത് നടക്കും. സൂപ്പർസ്റ്റാർ മോഹൻലാൽ മുഖ്യകഥാപാത്രമാകുന്ന പരസ്യചിത്രം മലയാള സിനിമയിലെ എക്കാലത്തെയും വലിയ ഹിറ്റുകളിലൊന്നായ 'ആറാം തമ്പുരാന്റെ' ശില്പികളായ സംവിധായകൻ ഷാജി കൈലാസും നിർമ്മാതാവ് സുരേഷ് കുമാറും കെസിൽ പരസ്യത്തിലൂടെ വീണ്ടും ഒന്നിക്കുന്നു എന്ന പ്രത്യേകതയുമുണ്ട്. പ്രശസ്ത പരസ്യസംവിധായകൻ ഗോപ്സ് ബെഞ്ച്മാർക് ആണ് പരസ്യ ചിത്രം ഒരുക്കിയിരിക്കുന്നത്. 'ആവേശ ക്രിക്കറ്റ്, അറ കടാ ആളടാ! ! ' എന്ന ത്രസിപ്പിക്കുന്ന ആശയമാണ് ഗോപ്സ് ഇത്തവണ ഗഘ നായി ഒരുക്കിയിരിക്കുന്നത്.

തിരുവനന്തപുരം ഹോട്ടൽ ഹയാത്തിൽ ഓഗസ്റ്റ് 7ന് രാത്രി ഏഴ് മണിക്ക് നടക്കുന്ന ചടങ്ങിലാകും പരസ്യചിത്രം പുറത്തിറക്കുക. കെസിഎല്ലിന്റെ ബ്രാൻഡ് അംബാസിഡർ കൂടിയായ മോഹൻലാൽ തന്റെ താരപ്രഭ കൊണ്ട് ക്രിക്കറ്റ് ലീഗിന്റെ പ്രചാരണത്തിന് ചുക്കാൻ പിടിക്കുമ്പോൾ ആരാധകരുടെ പ്രതീക്ഷകൾ വാനോളമാണ്.

മോഹൻലാലും, ഷാജി കൈലാസും സുരേഷ് കുമാറും ഒത്തുചേരുമ്പോൾ ഒരു സാധാരണ പരസ്യം എന്നതിലുപരി ഒരു കൊച്ചു സിനിമ തന്നെയാകും ഇതെന്നാണ് വിലയിരുത്തൽ.

നേരത്തെ, കെസിഎൽ സീസൺ2 ന്റെ ഗ്രാൻഡ് ലോഞ്ചിനോടനുബന്ധിച്ച് പുറത്തിറക്കിയ പരസ്യ ചിത്രത്തിന്റെ ബിഹൈൻഡ് ദ സീൻ വീഡിയോയ്ക്ക് വൻ വരവേൽപ്പാണ് ലഭിച്ചത്. ഈ വൻ വിജയം നൽകുന്ന ആത്മവിശ്വാസത്തിൽ, പുതിയ പരസ്യ ചിത്രം ഒരു തരംഗമായി മാറുമെന്ന ഉറച്ച പ്രതീക്ഷയിലാണ് കേരള ക്രിക്കറ്റ് അസോസിയേഷൻ.

പരസ്യ ചിത്രത്തിന്റെ വരവോടെ കെസിഎൽ സീസൺ 2ന്റെ ആരവം വാനോളമുയരുമെന്നും ടൂർണമെന്റിന് ആവേശോജ്ജ്വലമായ തുടക്കം കുറിക്കാൻ ഇതിലൂടെ സാധിക്കുമെന്നും കെസിഎ സെക്രട്ടറി വിനോദ് എസ് കുമാർ പറഞ്ഞു. കളിക്കളത്തിലെ തീപാറുന്ന പോരാട്ടങ്ങൾക്ക് പുറമെ, താരത്തിളക്കത്താൽ സമ്പന്നമായ പ്രചാരണ പരിപാടികൾ കൂടി ചേരുന്നതോടെ കെസിഎൽ രണ്ടാം സീസൺ ഒരു വൻ വിജയമാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

# വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള തീയതി നീട്ടണം; പ്രതിപക്ഷ നേതാവ് കത്ത് നൽകി

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള തീയതി നീട്ടണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന് കത്ത് നൽകി.

ജൂലൈ 23ന് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ഓഗസ്റ്റ് 7 വരെ, 15 ദിവസം മാത്രമാണ് പേര് ചേർക്കാനുള്ള സമയം അനുവദിച്ചിരുന്നത്. ഓൺലൈൻ വഴി ചെയ്യേണ്ട പേര് ചേർക്കൽ, തിരുത്തൽ, ഒരു വാർഡിൽ നിന്നും മറ്റൊരു വാർഡിലേക്ക് പേര് മാറ്റുന്നത് അടക്കമുള്ള പ്രക്രിയകൾക്ക് തുടക്കം മുതലേ പല സ്ഥലങ്ങളിലും സാങ്കേതിക തകരാർ മൂലം തടസം നേരിട്ടിരുന്നു. പേര് ചേർക്കാനുള്ള അവസാന തീയതി അടുക്കുമ്പോൾ സാങ്കേതിക തകരാർ രൂക്ഷമായിരിക്കുകയാണ്. പല സ്ഥലങ്ങളിലും വെബ്സൈറ്റ് ഹാങ്ങ് ആകുന്നെന്ന പരാതിയുമുണ്ട്. ഇത് കാരണം നിരവധി പേർക്ക് വോട്ട് ചേർക്കാൻ സാധിക്കാത്ത അവസ്ഥയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത നിരവധി പേരുടെ വോട്ട്, നിലവിലെ ലിസ്റ്റിൽ വിട്ട് പോയ സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള തീയതി 15 ദിവസം കൂടി നീട്ടി നൽകണമെന്ന് പ്രതിപക്ഷ നേതാവ് കത്തിൽ ആവശ്യപ്പെട്ടു.

# 43,000 കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡുകൾ: വിതരണോദ്ഘാടനം ഇന്ന് മന്ത്രി ജി ആർ അനിൽ നിർവഹിക്കും

ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം, മാറി വരുന്ന സാമൂഹിക സാമ്പത്തിക ഘടകങ്ങൾക്കനുസരിച്ച്, ഏറ്റവും അർഹരായവരെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ പുതുക്കിയ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട 43,000 കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം ഓഗസ്റ്റ് 6 ബുധനാഴ്ച വൈകുന്നേരം 4ന് തിരുവനന്തപുരം പ്രസ്സ് ക്ലബ് ഹാളിൽ നടക്കും. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ. അനിൽ ചടങ്ങ് ഉദ്ഘാടനം ചെയ്യും. അഡ്വ. ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിക്കും. തിരുവനന്തപുരം നഗരസഭ കൗൺസിലർ ഹരികുമാർ.സി., പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മിഷണർ ഹിമ കെ., ജില്ലാ സപ്ലൈ ഓഫീസർ സിന്ധു.കെ.വി. തുടങ്ങിയവർ ഉദ്ഘാടനചടങ്ങിൽ പങ്കെടുക്കും.

സമൃദ്ധിയുടെ പൊന്നോണം ഉറപ്പാക്കാൻ കേരള സർക്കാർ ഓണത്തോടനുബന്ധിച്ച് പ്രത്യേക ഭക്ഷ്യവിതരണ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. ഓഗസ്റ്റ് മാസത്തിൽ കിലോഗ്രാമിന് 10 രൂപ 90 പൈസ നിരക്കിൽ ഓണം സ്പെഷ്യൽ അരി വിതരണം ചെയ്യും. ജഒഒ (പിങ്ക്) കാർഡ് വിഭാഗത്തിന് നിലവിലുള്ള വിഹിതത്തിന് പുറമെ 5 കിലോഗ്രാം അരിയും ചജഒ (നീല) കാർഡ് വിഭാഗത്തിന് നിലവിലുള്ള വിഹിതത്തിന് പുറമെ 10 കിലോഗ്രാം അരിയും ലഭിക്കും. ചജചട (വെള്ള) കാർഡ് വിഭാഗത്തിന് ആകെ 15 കിലോഗ്രാം അരി ലഭ്യമാകും.



# കത്തിക്കയറി സ്വർണവില; ഒറ്റയടിക്ക് കൂടിയത് 640 രൂപ, ചരിത്രവിലയിലേക്ക് 10 രൂപയുടെ ദൂരം

കൊച്ചി: സംസ്ഥാനത്ത് കത്തിക്കയറി സ്വർണവില വീണ്ടും 75,000 രൂപയിലേക്ക്. ഗ്രാമിന് 80 രൂപയും പവന് 640 രൂപയുമാണ് വർധിച്ചത്. ഇതോടെ സ്വർണവില ഗ്രാമിന് 9,370 രൂപയിലും പവന് 74,960 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 65 രൂപ ഉയർന്ന് 7,745 രൂപയിലെത്തി.

കഴിഞ്ഞമാസം 23ന് രേഖപ്പെടുത്തിയ ഗ്രാമിന് 9,380 രൂപയും പവന് 75,040 രൂപയുമെന്ന സർവകാല റിക്കാർഡ് വിലയിൽ നിന്ന് വെറും 10 രൂപ മാത്രം അകലെയാണ് സ്വർണം.

സംസ്ഥാനത്ത് ചാഞ്ചാട്ടങ്ങൾക്കൊടുവിൽ ശനിയാഴ്ച സ്വർണവില കുതിച്ചുയർന്നിരുന്നു. ഗ്രാമിന് 140 രൂപയും പവന് 1,120 രൂപയുമാണ് വർധിച്ചത്. ഇതിനു പിന്നാലെ തിങ്കളാഴ്ച മാറ്റമില്ലാതെ തുടർന്ന ശേഷമാണ് ഇന്നു വീണ്ടും കുതിച്ചുയർന്നത്. നാലുദിവസത്തിനിടെ 1,800 രൂപയാണ് വർധിച്ചത്. ജൂലൈ 23ന് സ്വർണവില പവന് 75,040 രൂപയും ഗ്രാമിന് 9,380 രൂപയുമെന്ന സർവകാല ഉയരം തൊട്ടിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ സ്വർണവില താഴേക്കുപോകുന്നതാണ് കണ്ടത്.

ഈ മാസത്തിന്റെ തുടക്കത്തിൽ 72,160 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിന്റെ വില. ഒമ്പതിന് 72,000 രൂപയായി താഴ്ന്ന് ഈ മാസത്തെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ എത്തി. പിന്നീട് വില ഉയരുന്നതാണ് ദൃശ്യമായത്. രണ്ടാഴ്ചയ്ക്കിടെ ഏകദേശം 1,400 രൂപ വർധിച്ച സ്വർണവില വീണ്ടും 73,000 കടക്കുകയായിരുന്നു. പിന്നാലെ 22ന് വീണ്ടും 74,000 പിന്നിടുകയും 23ന് 75,000 രൂപ പിന്നിട്ട് പുതിയ ഉയരം കുറിക്കുകയും ചെയ്തു.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70,000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു.

ജൂൺ 14ന് ഗ്രാമിന് 25 രൂപയും പവന് 200 രൂപയും വർധിച്ച സ്വർണവില ഗ്രാമിന് 9,320 രൂപയും പവന് 74,560 രൂപയുമെന്ന ചരിത്രവിലയിലെത്തിയിരുന്നു. പിന്നീട് താഴേക്കുപോയ സ്വർണം ചാഞ്ചാട്ടങ്ങൾക്കൊടുവിൽ വീണ്ടും റിക്കാർഡിലേക്ക് കുതിക്കുകയായിരുന്നു. ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. തിങ്കളാഴ്ച ഔൺസിന് 3,360 ഡോളറായിരുന്ന വില ഇന്ന് 3,381 ഡോളർ വരെ ഉയർന്ന ശേഷം ഇപ്പോൾ വ്യാപാരം നടക്കുന്നത് 10 ഡോളർ താഴ്ന്ന് 3,371 ഡോളറിലാണ്.

അതേസമയം, വെള്ളിയുടെ വിലയും വർധിച്ചു. ഒരു ഗ്രാം സാധാരണ വെള്ളിക്ക് രണ്ടു രൂപ ഉയർന്ന് 122 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# വരയാടുകളുടെ സംയുക്ത കണക്കെടുപ്പ് റിപ്പോർട്ട് മന്ത്രി എ കെ ശശീന്ദ്രൻ പ്രകാശനം ചെയ്തു

## ലോകത്ത് ഒട്ടാകെയുള്ള 2668 വരയാടുകളിൽ 1365 എണ്ണവും കേരളത്തിൽ

ഇരവികുളം നാഷണൽ പാർക്കിന്റെ അൻപതാം വാർഷികത്തിന്റെ ഭാഗമായി കേരളത്തിലെയും തമിഴ്നാട്ടിലെയും വനമേഖലകളിൽ നടത്തിയ വരയാടുകളുടെ സംയുക്ത കണക്കെടുപ്പ് റിപ്പോർട്ട് വനം,വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ പ്രകാശനം ചെയ്തു. റിപ്പോർട്ടിന്റെ തമിഴ്നാട്ടിലെ പ്രകാശന ചടങ്ങിനോടനുബന്ധിച്ച് വീഡിയോ കോൺഫറൻസിങ്ങിലൂടെയാണ് കേരളം തയ്യാറാക്കിയ റിപ്പോർട്ട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് രാജേഷ് രവീന്ദ്രന് നൽകി മന്ത്രി പ്രകാശനം നിർവഹിച്ചത്.

2025 ഏപ്രിലിൽ കേരളത്തിലെ 89 സെൻസസ് ബ്ലോക്കുകളിലും തമിഴ്നാട്ടിലെ 182 ബ്ലോക്കുകളിലുമായി സംരക്ഷിത വനമേഖലകൾക്കകത്തും പുറത്തുമുള്ള വരയാടുകളുടെ ആവാസവ്യവസ്ഥ നിലനിൽക്കുന്ന ഭൂഭാഗങ്ങളിൽ ഒരേ സമയം തുടർച്ചയായ നാല് ദിവസങ്ങളിലാണ് വരയാടുകളുടെ കണക്കെടുപ്പ് നടത്തിയതെന്ന് മന്ത്രി പറഞ്ഞു. തിരുവനന്തപുരം മുതൽ വയനാട് വരെ വരയാടുകളുടെ സാന്നിദ്ധ്യമുള്ള കേരളത്തിലെ 19 വനം ഡിവിഷനുകളിലാണ് സെൻസസ് ബ്ലോക്കുകൾ നിശ്ചയിച്ചിരുന്നത്. ശാസ്ത്രീയമായ ബൗണ്ടഡ് കൗണ്ട്, ഡബിൾ ഒബ്സർവർ കൗണ്ട് രീതികളിലൂടെയാണ് ദുർഘട പർവ്വതമേഖലകളിലെ സെൻസസ് ബ്ലോക്കുകളിൽ നിന്നും വിശ്വാസ്യതയോടെ കണക്കുകൾ ലഭ്യമാക്കിയത്.

ലോകത്ത് ഒട്ടാകെ 2668 വരയാടുകളുള്ളതിൽ 1365 എണ്ണം കേരളത്തിലും 1303 എണ്ണം തമിഴ്നാട്ടിലുമാണെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. കേരളത്തിലെ ഇരവികുളം നാഷണൽ പാർക്കാണ് ഏറ്റവുമധികം വരയാടുകളുള്ള വന്യജീവി സങ്കേതം. റിപ്പോർട്ട് പ്രകാരം 841 ആണ് ഇരവികുളത്തെ വരയാടുകളുടെ എണ്ണം. കേരളത്തിലെ വരയാടുകളിൽ 90 ശതമാനവും മൂന്നാർ ലാൻഡ്സ്കേപ്പിലാണുള്ളത്.

തമിഴ്നാട്ടിൽ മുക്കൂർത്തി നാഷണൽ പാർക്കിലും കേരളാ അതിർത്തിയോട് ചേർന്ന ഗ്രാസ്ഹിൽസ് നാഷണൽ പാർക്കിലുമാണ് ഏറ്റവുമധികം വരയാടുകളെ കണ്ടെത്തിയിട്ടുള്ളത്. വരയാടുകളുടെ എണ്ണം ലഭ്യമാക്കുകയെന്നതിലുപരി അവയുടെ ഇപ്പോഴത്തെ ഭൂമേഖലാവിന്യാസവും അവ നേരിടുന്ന പാരിസ്ഥിതിക വെല്ലുവിളികളും മനസ്സിലാക്കുകയും ക്യാമറാ ട്രാപ്പുകളുപയോഗിച്ച് കൂടുതൽ കൃത്യതയുള്ള വിവരങ്ങൾ ലഭ്യമാക്കുകയുമായിരുന്നു ഇത്തവണത്തെ ലക്ഷ്യം.

ചരിത്രപരമായി, പശ്ചിമഘട്ട മലനിരകളിൽ വലിയൊരു മേഖലയിലെമ്പാടും കാണപ്പെട്ടിരുന്ന വരയാടുകളിൽ നല്ലൊരു ഭാഗവും തോട്ടങ്ങളുടെ ആവിർഭാവവും നിർമ്മാണപ്രവർത്തനങ്ങളും ഭൂവിനിയോഗ രീതികളിൽ വന്ന മാറ്റങ്ങളും കാരണം പിൽക്കാലത്ത് അപ്രത്യക്ഷമായിട്ടുണ്ട്. വരയാടുകൾ മുമ്പ് കാണപ്പെട്ടിരുന്ന ഇത്തരം മേഖലകളിൽ ഇപ്പോൾ അവയുടെ സാന്നിദ്ധ്യമുണ്ടോ എന്നറിയുന്നതിനും ഒറ്റപ്പെട്ട വരയാട് ആവാസവ്യവസ്ഥകളെ കണ്ടെത്തി, അവയ്ക്ക് സമീപ ആവാസവ്യവസ്ഥകളുമായുണ്ടായിരുന്ന തുടർച്ച പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഈ സർവേ സഹായിച്ചിട്ടുണ്ട്. കൂടാതെ, കടുവയും പുലിയും കാട്ടുനായ്ക്കളുമടങ്ങുന്ന ഇരപിടിയന്മാരും ഒപ്പം, കരിങ്കുരങ്ങുകളും സിംഹവാലൻ കുരങ്ങുകളും ഉൾപ്പെടെയുള്ള സ്ഥാനീയ ജനുസ്സുകളും ഒന്നിച്ചു കാണപ്പെടുന്ന ജൈവവൈവിദ്ധ്യ സമ്പന്നമായ ആവാസവ്യവസ്ഥകളാണ് വരയാടുകളുടേതെന്നാണ് മനസ്സിലാക്കാനായത്.പങ്കാളിത്ത വനസംരക്ഷണവും പരിപാലനത്തിലൂന്നിയുള്ള പരമ്പരാഗത അറിവുകളും ബോധവൽക്കരണവും നൈപുണ്യ വികസനവും അന്തർ സംസ്ഥാന ഏകോപനവും അനിവാര്യമാണ്. ഭാവി ഗവേഷണ പ്രവർത്തനങ്ങളിൽ ജനിതക വ്യതിയാനം സംബന്ധിച്ച പഠനങ്ങളും റേഡിയോ ടെലിമെട്രി, ആവാസ വിജ്ഞാനം, അന്തർ വൈജ്ഞാനിക ചരിത്ര വിശകലനം തുടങ്ങിയവ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള സംയോജിത പ്രവർത്തനങ്ങൾ വരയാടുകളുടെ ശാസ്ത്രീയമായ സംരക്ഷണത്തിന് ആവശ്യമാണെന്നും റിപ്പോർട്ട് ശിപാർശ ചെയ്യുന്നു. മനുഷ്യ വന്യജീവി സംഘർഷങ്ങളെ ലഘൂകരിക്കുന്നതിന് വരയാടുകളുടെ സംരക്ഷണം സഹായകമാകും. അതിലേക്കായി വരയാടുകളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് സംസ്ഥാനം പദ്ധതി ആവിഷ്കരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

മന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ പ്രമോദ് പി .പി, മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ ഹരികൃഷ്ണൻ കെ.വി, ഇരവികുളം നാഷണൽ പാർക്ക് അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ നിതിൻലാൽ എന്നിവർ സംബന്ധിച്ചു.

# ഹരിപ്പാട് കെഎസ്ആർടിസി ബസ് സ്റ്റാൻഡിനു സമീപത്തെ കെട്ടിടത്തിൽ നിന്നും കഞ്ചാവ് ചെടി പിടികൂടി

ഹരിപ്പാട്: ഹരിപ്പാട് കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് സമീപത്തുള്ള മൂന്ന് നില കെട്ടിടത്തിന്റെ മുകളിൽ വളർന്ന് നിന്ന മൂന്ന് അടി നീളമുള്ള കഞ്ചാവ് ചെടി പിടികൂടി. ആലപ്പുഴ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ഹരിപ്പാട് പോലീസും ചേർന്നാണ് കഞ്ചാവ് ചെടി കണ്ടെത്തിയത്. ബസ് സ്റ്റാൻറ് കേന്ദ്രീകരിച്ച് തമ്പടിക്കുന്ന ക്രിമിനൽ, ലഹരി സംഘങ്ങൾ ഉപയോഗിച്ച ശേഷം ഉപേക്ഷിച്ചത് കിളിർത്ത് വന്നതാകാമെന്ന് സംശയിക്കുന്നതായി പോലീസ് അറിയിച്ചു. ഇവിടെ രാത്രികാലങ്ങളിൽ സ്ഥിരമായി വരുന്നവരെക്കുറിച്ച് പോലീസ് അന്വേഷണം ആരംഭിച്ചു. ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും സി ഐ മുഹമ്മദ് ഷാഫി, എസ് ഐമാരായ ഷൈജ, ആദർശ് എന്നിവരാണ് കഞ്ചാവ് ചെടി പിടികൂടിയ സംഘത്തിൽ ഉണ്ടായിരുന്നത്.

# പിൻബെഞ്ചുകാർ എന്ന ആശയം ഇല്ലാതാക്കിയാലോ നിർദേശങ്ങൾ തേടി മന്ത്രി ശിവൻകുട്ടി, വിദഗ്ധ സമിതിയെ നിയമിച്ചു

തിരുവനന്തപുരം: ക്ലാസ് മുറികളിൽനിന്ന് 'പിൻബെഞ്ചുകാർ' എന്ന സങ്കല്പം ഒഴിവാക്കാൻ ആഗ്രഹിക്കുന്നുവെന്ന് വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. പുതിയ രീതിക്കായുള്ള പുരോഗമന ആശയവും അദ്ദേഹം ആരായുന്നുണ്ട്. തന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലാണ് അദ്ദേഹം ഇക്കാര്യം അവതരിപ്പിച്ചത്.ഈ സങ്കല്പം ഒരു വിദ്യാർഥിയുടെ ആത്മവിശ്വാസത്തെയും പഠനത്തെയും പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ഒരു കുട്ടിയും പഠനത്തിലോ ജീവിതത്തിലോ പിന്നോട്ട് പോകാൻ പാടില്ല. എല്ലാ കുട്ടികൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യമെന്നും മന്ത്രി പറയുന്നു. പിൻബെഞ്ചുകാർ എന്ന ആശയം ഇല്ലാതാക്കാൻ പല രാജ്യങ്ങളും പല മാതൃകകളും പിന്തുടരുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസരീതിക്ക് അനുയോജ്യമായ ഏറ്റവും മികച്ച മാതൃക കണ്ടെത്താൻ വിദഗ്ധരുടെ ഒരു സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചു. നമ്മുടെ കുട്ടികളുടെ മികച്ച ഭാവിക്കായി നിങ്ങളുടെ എല്ലാവിധ പിന്തുണയും തേടുന്നുവെന്നും മന്ത്രി ശിവൻകുട്ടി ഫേസ്ബുക്ക് കുറിപ്പിൽ പറഞ്ഞു.

# സിനിമ തിയേറ്റർ ലൈസൻസ്: സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ കുടിശ്ശിക നിവാരണ സർട്ടിഫിക്കറ്റ് നിർബന്ധം

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിരവധി വർഷങ്ങളായി സെസ്സ് കുടിശ്ശിക വരുത്തിയ തിയേറ്ററുകളും കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനും നൽകിയ റിട്ട് ഹർജികൾ ഹൈക്കോടതി തള്ളി. ക്ഷേമനിധി ബോർഡിൽ നിന്നുള്ള നോ ഡ്യൂസ് സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോഴാണ് തിയറ്ററുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിരുന്നത്. എന്നാൽ ഇതിനെതിരെ ഒരു വിഭാഗം തിയറ്ററുകളും ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനും കോടതിയെ സമീപിക്കുകയായിരുന്നു.

ചിത്രവാണി, ഖയ്യാം, ദ്വാരക, സിതാസ്, തലശ്ശേരി ലിബർട്ടി സിനിമാസ്, കണ്ണൂർ ലിബർട്ടി സിനിമാസ് (അമ്പിളി തിയേറ്റർ), കാഞ്ഞങ്ങാട് വി.ജി.എം./ വിനായക, കഴക്കൂട്ടം കൃഷ്ണ, ചെങ്ങന്നൂർ ചിപ്പി മൂവീസ്, നിലമ്പൂർ ഫെയറി ലാന്റ്, ഷൊർണ്ണൂർ മേളം അനുരാഗ് ഗീത സുമ, തൃശൂർ അഗസ്ത്യാ സിനിമാസ് തുടങ്ങിയ തിയറ്ററുകളാണ് ഹർജി നൽകിയത്. സെസ്സ് കുടിശ്ശിക അടയ്ക്കാതെ തന്നെ ലൈസൻസ് പുതുക്കി നൽകണമെന്ന താൽക്കാലിക ഉത്തരവ് നേരത്തെ തിയേറ്ററുകൾ സമ്പാദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനങ്ങൾ തിയറ്റർ ലൈസൻസ് പുതുക്കി നൽകി. എന്നാൽ ഹർജികൾ ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ലൈസൻസുകൾ തദ്ദേശസ്ഥാപനങ്ങൾ റദ്ദാക്കണമെന്ന് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് അറിയിച്ചു. സെസ്സ് കുടിശ്ശിക വരുത്തിയ എല്ലാ തിയറ്ററുകളുടെയും കുടിശ്ശിക അടയ്ക്കേണ്ട ഉത്തരവാദിത്തം തിയേറ്റർ ഉടമയുടെതാണെന്ന് ഹൈക്കോടതി വ്യക്തമാക്കി.സിനിമ തിയറ്റർ ലൈസൻസ് പുതുക്കുന്നതിന് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്കുള്ള സെസ്സ് കുടിശ്ശിക മുഴുവനായും അടക്കണം. ലൈസൻസ് പുതുക്കുന്നതിന് ക്ഷേമനിധി ബോർഡിൽ നിന്നുള്ള നോ ഡ്യൂസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 2024 ജനുവരി 18 നാണ് ഉത്തരവ് ഇറക്കിയത്.സെസ്സ് ഈടാക്കി അത് ക്ഷേമനിധി ബോർഡിൽ സമയബന്ധിതമായി അടച്ചില്ലെങ്കിൽ അതാത് കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി/ പഞ്ചായത്ത് സെക്രട്ടറി/ പ്രസിഡന്റ്/ ചെയർപേഴ്സൺ എന്നിവരിൽ നിന്ന് പിഴ ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് വേണ്ടി സീനിയർ കൗൺസൽ സുധി വാസുദേവ് കോടതിയിൽ ഹാജരായി.

# ഇ-ഗ്രാൻസ് റീഫണ്ട്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 2014 മുതൽ 2020 വരെ ഗജഇഞ്ഞ/എഇ/എകടഒള്ളഞകള്ളട വിഭാഗങ്ങളിലെ ഇ-ഗ്രാൻസ് റീഫണ്ട് കൈപ്പറ്റിയിട്ടില്ലാത്ത വിദ്യാർഥികൾ ആഗസ്റ്റ് 30 നു മുൻപ് അസൽ തിരിച്ചറിയൽ രേഖയും അപേക്ഷയും ഹാജരാക്കി തുക നേരിട്ട് കൈപ്പറ്റണം. ഫോൺ: 0471-2475830.

# പാലായിൽ നിയന്ത്രണംവിട്ട കാർ രണ്ടു സ്കൂട്ടറുകൾ ഇടിച്ചുതെറിപ്പിച്ചു; രണ്ടു സ്ത്രീകൾ മരിച്ചു

കോട്ടയം: പാലാ മുണ്ടാങ്കലിൽ നിയന്ത്രണംവിട്ട കാർ രണ്ടു സ്കൂട്ടറുകളിൽ ഇടിച്ചുണ്ടായ അപകടത്തിൽ രണ്ടു സ്ത്രീകൾ മരിച്ചു. പാലാ-തൊടുപുഴ റോഡിൽ പ്രവിത്താനം പള്ളിക്കു സമീപം രാവിലെ 9.30-ഓടെയാണ് അപകടം നടന്നത്. അപകടത്തിൽ ഗുരുതരമായി പരുക്കേറ്റ കൊട്ടാരമറ്റം മീനച്ചിൽ അഗ്രോ സൊസൈറ്റി ജീവനക്കാരിയായ ധന്യ സന്തോഷ് (38), പ്രവിത്താനം സ്വദേശിനി ജോമോൾ സുനിൽ എന്നിവരാണ് മരിച്ചത്.ജോമോൾക്കൊപ്പമുണ്ടായിരുന്ന ആറാം ക്ലാസ് വിദ്യാർഥിനിയായ മകൾ അന്നമോൾ ഗുരുതര പരിക്കുകളോടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. പാലായിൽനിന്ന് തൊടുപുഴ ഭാഗത്തേക്ക് ബിഎഡ് പരിശീലനത്തിന് പോവുകയായിരുന്ന വിദ്യാർഥികളാണ് കാറിലുണ്ടായിരുന്നത്. സ്കൂട്ടർ യാത്രക്കാർ തൊടുപുഴ ഭാഗത്തുനിന്ന് പാലായിലേക്ക് പോകുകയായിരുന്നു. അമിത വേഗത്തിലെത്തിയ കാറിന്റെ നിയന്ത്രണം നഷ്ടമായതാണ് അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം.

# ട്രാൻസ്ജെൻഡർ വിഭാഗത്തിന് ഭവന പദ്ധതിക്ക് അനുമതി

## 50 ലക്ഷം രൂപ അനുവദിച്ചു

ട്രാൻസ്ജെൻഡർ വ്യക്തികളെ ശാക്തീകരിക്കുന്നതിനും അതുവഴി സാമൂഹിക ഏകീകരണത്തിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ട്രാൻസ്ജെൻഡർ ഭവനപദ്ധതിക്ക് തുടക്കമിടുന്നു. പാർപ്പിടപ്രശ്നങ്ങൾ നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കൾ. സ്വന്തമായി ഭൂമിയുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വീടു നിർമ്മിക്കാൻ ധനസഹായം നൽകുക, ഭൂരഹിതരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും ധനസഹായം നൽകുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 50 ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചിരിക്കുന്നത്.

ഭവനനിർമ്മാണത്തിനായി വിവിധ സർക്കാർ - സർക്കാരിതര ഏജൻസികൾ വഴി ഭവനനിർമ്മാണത്തിനു സഹായം ലഭിച്ച ട്രാൻസ്ജെൻഡർ വ്യക്തികൾക്കു നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഗ്യാപ് ഫണ്ടിംഗ് നൽകാനും ഈ പദ്ധതി വഴി സാധിക്കും. ഇതുപ്രകാരം ലൈഫ് പദ്ധതി പ്രകാരം വീട് അനുവദിച്ചിട്ടുള്ളവർക്ക് അധിക ധനസഹായമായി രണ്ട് ലക്ഷം രൂപ അനുവദിക്കും. തുടക്കത്തിൽ അഞ്ച് പേർക്കാണ് ഈ സഹായം ലഭ്യമാകുന്നത്. സ്വന്തമായി ഭൂമിയുള്ളതും എന്നാൽ ലൈഫ് മിഷൻ മുഖേനയോ മറ്റു ഭവനപദ്ധതികളിലോ പേര് വരാത്തതുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 6 ലക്ഷം രൂപ വീതം ലഭ്യമാക്കും. ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി പരമാവധി 15 ലക്ഷം രൂപ വായ്പയായി അനുവദിക്കും. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടന്ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ഡോ. അദീല അബ്ദുള്ള പറഞ്ഞു. ട്രാൻസ്ജെൻഡർ വിഭാഗത്തെ ശാക്തീകരിക്കുന്ന നിരവധി പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2018 ൽ ആരംഭിച്ച ട്രാൻസ്ജെൻഡർ ഫെസ്റ്റ് 'വർണ്ണപ്പകിട്ട്', കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച അനന്യം പദ്ധതി, ട്രാൻസ്ജെൻഡർ ഷോർട്ട് സ്റ്റേ ഹോം എന്നിവക്ക് പുറമെ ഏവിയേഷൻ തൊഴിൽ രംഗങ്ങളിൽ കൊടുക്കുന്ന പരിശീലന പരിപാടികളും ഇവയിൽ പെടും. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സുരക്ഷിതവും നീതിയുക്തവുമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഭവനപദ്ധതി വഴി സാധിക്കുമെന്ന് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

അപേക്ഷകൾ ഓൺലൈനായോ നേരിട്ടോ സമർപ്പിക്കാവുന്നതുമാണ്. അപേക്ഷകരിൽനിന്നു മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കും. ഇതിനായി സാമൂഹ്യനീതി ഡയറക്ടർ അദ്ധ്യക്ഷനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കും.

### മാനദണ്ഡങ്ങൾ

അപേക്ഷകർ അവരുടെ ട്രാൻസ്ജെൻഡർ ഐഡന്റിറ്റി സ്ഥിരീകരിക്കുന്ന സാധുവായ തിരിച്ചറിയൽ രേഖകൾ സമർപ്പിക്കണം. ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം ആവശ്യപ്പെടുന്നവർ ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുന്നത് നിലവിൽ ലൈഫ് മിഷൻ പിന്തുടരുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും.

സ്വന്തമായി വീടില്ലാത്തവർ, താൽക്കാലിക ഷെൽട്ടറുകളിൽ അല്ലെങ്കിൽ സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ താമസിക്കുന്നവർ, ട്രാൻസ്ജെൻഡർ വ്യക്തികളിൽ അംഗപരിമിതർ, പ്രായമായ വ്യക്തികൾ എന്നിവർക്ക് മുൻഗണന നൽകും.

# അങ്കണവാടികളിലെ 'ബിരിയണി'ക്ക് ഇനി മണവും രുചിയും കൃത്യം.; പുതിയ മെനുവിലെ ഭക്ഷണം സൂപ്പറെന്ന് മന്ത്രി

അങ്കണവാടികളിലെ 'ബിർണാണി'ക്ക് ഇനി മണവും രുചിയും കൃത്യം. പുതിയ മെനുവിലെ ഭക്ഷണം സൂപ്പറാണെന്ന് ആരോഗ്യ, വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. അങ്കണവാടികളുടെ പരിഷ്കരിച്ച മാതൃക ഭക്ഷണ മെനുവിൽ പരിശീലനം നൽകുന്നതിനായി വനിത ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോവളം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജിയിൽ സംഘടിപ്പിച്ച ത്രിദിന ശില്പശാല സന്ദർശിച്ചു ഭക്ഷണം രുചിച്ചശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.'ഉപ്പുമാവ് വേണ്ട, ബിർണാണി മതി' എന്ന് കായംകുളം ദേവികുളങ്ങരയിലെ മൂന്നുവയസ്സുകാരൻ ശങ്കുവിന്റെ ആവശ്യമാണ് യഥാർത്ഥത്തിൽ അങ്കണവാടികളിലെ മെനു സംവിധാനം പരിശോധിക്കുന്നതിനും നടപ്പാക്കുന്നതിനും പ്രചോദനമായത്. അങ്കണവാടികളിൽ മുൻപ് അളവുകളും കലോറി കണക്കുകളും അടിസ്ഥാനമാക്കിയുള്ള മെനു ആയിരുന്നു. എന്നാൽ കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ സമഗ്ര വളർച്ച ലക്ഷ്യമിട്ട്, രുചികരമായ ഭക്ഷണങ്ങളിലൂടെ അവർക്ക് ആവശ്യമായ പോഷകങ്ങൾ ഉൾപ്പെടുത്തിയതാണ് പുതിയ മെനു. എഗ്ഗ് ബിരിയാണി, വെജിറ്റബിൾ പുലാവ്, സോയാബീൻ ഫ്രൈ, ഓംലറ്റ് തുടങ്ങിയ ഇഷ്ടഭക്ഷണം കുഞ്ഞുങ്ങൾക്ക് അങ്കണവാടികളിൽ ലഭ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു.

ബിരിയാണി ഉൾപ്പടെയുള്ള പരിഷ്ക്കരിച്ച മെനു പ്രഖ്യാപിച്ചപ്പോൾ അങ്കണവാടികളിൽ ലഭ്യമായ വിഭവങ്ങളെയും അതിന്റെ നിലവാരത്തെയും കുറ്റം പറഞ്ഞവർക്കുള്ള മറുപടി കൂടിയാണ് ഇന്ന് ഇവിടെ ഒരുക്കിയ ഭക്ഷണം. സംസ്ഥാനത്തെ പതിനാല് ജില്ലകളിലും നിന്നുള്ളവർ ഇന്നിവിടെ ബിരിയാണിയും പുലാവും ഒരുക്കിയിട്ടുണ്ട്. ഈ വിഭവങ്ങളെല്ലാം ഒന്നിനൊന്ന് മികച്ചതും രുചികരവുമാണ്. അങ്കണവാടികളിൽ ലഭ്യമായ വിഭവങ്ങൾ മാത്രം ഉപയോഗിച്ചാണ് ഇവ തയ്യാറാക്കിയിരിക്കുന്നത്. ഐഎച്ച്എംസിടിയിലെ സീനിയർ ലക്ച്ചറും പ്രൊഫഷണൽ ഷെഫുമായ പ്രതോഷ് പി പൈ പുതിയ വിഭവങ്ങൾ രുചിച്ച് വളരെ മികച്ച അഭിപ്രായമാണ് പറഞ്ഞത്. കൂടാതെ, ഡോക്ടർമാരും പുതിയ മെനുവിന് അനുകൂലമായ അഭിപ്രായമാണ് നൽകിയിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു.

നമ്മുടെ കുരുന്നുകൾക്കായി നമ്മൾ ഒറ്റക്കെട്ടായി സ്നേഹത്തോടെ നടത്തുന്ന ഈ പ്രവർത്തനം ചരിത്രത്തിൽ പ്രത്യേകമായി അടയാളപ്പെടുത്തും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ സംരംഭത്തിൽ കൈകോർക്കുന്നുണ്ട്. പദ്ധതിയുടെ വിജയത്തിനായി പ്രവർത്തിക്കുന്ന എല്ലാവരെയും, പരിശീലനം സംഘടിപ്പിക്കാൻ സഹായം നൽകിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജി ടീമിനെയും മന്ത്രി അഭിനന്ദിച്ചു. കേരളത്തിന്റെ ഈ പദ്ധതിയെക്കുറിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അന്വേഷണങ്ങൾ ഉണ്ടായതായും മന്ത്രി കൂട്ടിച്ചേർത്തു.വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജി പ്രിൻസിപ്പൽ ഡോ ടി അനന്തകൃഷ്ണൻ തുടങ്ങിയവർ സന്നിഹിതരായി.സംസ്ഥാനത്തെ 14 ജില്ലകളിലെയും തിരഞ്ഞെടുത്ത 56 സിഡിപിഒ മാർക്കും സൂപ്പർവൈസർമാർക്കും മാസ്റ്റർ ട്രെയിനർമാർ എന്ന നിലയിൽ ശില്പശാലയിൽ പരിശീലനം നൽകും.

# കേരളം നാളെ ദേശീയ കൈത്തറി ദിനം ആഘോഷിക്കും സംസ്ഥാനതല പരിപാടികൾ തിരുവനന്തപുരത്ത് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: കൈത്തറി മേഖലയിലെ കേരളത്തിൻറെ ദീർഘകാല പാരമ്പര്യം, ഗുണനിലവാരം, വൈവിധ്യം, പുതിയ പ്രവണതകൾ എന്നിവ പ്രദർശിപ്പിക്കുന്ന വൈവിധ്യമാർന്ന പരിപാടികളോടെ സംസ്ഥാനത്ത് നാളെ (ആഗസ്റ്റ് 7) ദേശീയ കൈത്തറി ദിനം ആഘോഷിക്കും. തിരുവനന്തപുരം ഫോർട്ട് മാമ്പർ ഹോട്ടലിൽ നടക്കുന്ന സംസ്ഥാനതല പരിപാടി വൈകിട്ട് മൂന്നിന് നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും.

വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള കൈത്തറി - ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റും ഹാൻഡ്ലൂം മാർക്കും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. കേരളത്തിലെ കൈത്തറി മേഖലയുടെ വളർച്ചയും നെയ്ത്തുകാരുടെ ഉന്നമനവും ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികൾ ദിനാഘോഷത്തിൻറെ ഭാഗമായി നടക്കും.ചടങ്ങിൽ കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള അവാർഡ് വിതരണവും കൈത്തറി തൊഴിലാളികളെ ആദരിക്കലും പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിക്കും. ആൻറണി രാജു എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് മുഖ്യപ്രഭാഷണം നടത്തും.

കൈത്തറി ക്ലസ്റ്ററുകളുടെ നവീന ആശയത്തിലുള്ള വ്യത്യസ്തമായ ഉൽപ്പന്നങ്ങളുടെ പ്രദർശനം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ് ലൂം, കണ്ണൂർ (ഐഐഎച്ച്ടി) അവതരിപ്പിക്കുന്ന ഫാഷൻ ഷോ എന്നിവ ദിനാഘോഷത്തിലെ പ്രധാന പരിപാടികളാണ്. തിരുവനന്തപുരം ജില്ലയിൽ പുതിയതായി അനുമതി ലഭിച്ച മൂന്ന് കൈത്തറി ക്ലസ്റ്ററുകളുടെ ഉദ്ഘാടനവും നടക്കും. കൈത്തറി മേഖലയെ അഭിസംബോധന ചെയ്യുന്ന വിവിധ വിഷയങ്ങളിൽ രാവിലെ 10 മുതൽ ടെക്നിക്കൽ സെഷനുകൾ സംഘടിപ്പിക്കും. 'കൈത്തറി വസ്ത്രങ്ങളിലെ കേരള തനിമയും നൂതന ഡിസൈനുകളും' എന്ന വിഷയത്തിൽ കണ്ണൂർ നിഫ്റ്റിലെ അസി. പ്രൊഫ. അഭിലാഷ് ബാലൻ പി, 'ഭൗമസൂചിക പദവിയുടെ പ്രാധാന്യത്തോടെ കൈത്തറിക്ക് ആഗോള തിരിച്ചറിയൽ' എന്ന വിഷയത്തിൽ ഐഐഎച്ച്ടി കണ്ണൂരിലെ ടെക്നിക്കൽ സൂപ്രണ്ട് ബ്രിജേഷ് കെ.വി, 'കൈത്തറി വസ്ത്രങ്ങളുടെ വിപണന സാധ്യതകളി'ൽ കൊല്ലം ഐഎഫ്ടിയിലെ ഫാക്കൽറ്റി ഡോ. കരോലിൻ ബേബിയും 'ഡിസൈൻ- പ്രിൻറിംഗ് സാധ്യതകൾ ആയാസകരമായ നെയ്ത്തി'ൽ ഐഐഎച്ച്ടി സേലം സീനിയർ ലക്ചർ (റിട്ട.) ജി. സുകുമാരൻ നായർ എന്നിവർ സെഷനുകൾ നയിക്കും. കൈത്തറി തൊഴിലാളികളുടെ കുട്ടികൾ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളും അരങ്ങേറും.

എക്കോടെക്സ് ഹാൻഡ് ലൂം കൺസോർഷ്യം വി. ഗോപിനാഥൻ, കൈത്തറി-ടെക്സ്റ്റൈൽസ് ഡയറക്ടർ ഡോ. കെ.എസ് കൃപകുമാർ, ഹാൻവീവ് ചെയർമാൻ ടി.കെ ഗോവിന്ദൻ, ഹാൻടെക്സ് കൺവീനർ പി.വി രവീന്ദ്രൻ, കൈത്തറി സഹകരണ സംഘം അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എം ബഷീർ, കൈത്തറി തൊഴിലാളി യൂണിയൻ സംസ്ഥാന ട്രഷറർ പാറക്കുഴി സുരേന്ദ്രൻ, കൈത്തറി തൊഴിലാളി കോൺഗ്രസ് സംസ്ഥാന വർക്കിംഗ് പ്രസിഡൻറ് സുബോധൻ ജി., കൈത്തറി തൊഴിലാളി യൂണിയൻ സംസ്ഥാന വർക്കിംഗ് പ്രസിഡൻറ് പള്ളിച്ചൽ വിജയൻ, സഹകരണ സംഘം അസോസിയേഷൻ വൈസ് പ്രസിഡൻറ് ബാഹുലേയൻ ഡി., ഡബ്ല്യു.എസ്.സി കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടർ എം. ആനന്ദൻ, ഐഐഎച്ച്ടി കണ്ണൂർ എക്സിക്യൂട്ടീവ് ഡയറക്ടർ എൻ. ശ്രീധന്യൻ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

ഇന്ത്യൻ കൈത്തറി വ്യവസായത്തിൻറെ പാരമ്പര്യം ഉയർത്തിപ്പിടിക്കാനും നെയ്ത്തുകാരുടെ സാമൂഹിക-സാമ്പത്തിക വികസനം ലക്ഷ്യമിട്ടു കൊണ്ടുമാണ് ആഗസ്റ്റ് 7 ദേശീയ കൈത്തറി ദിനമായി ആചരിക്കുന്നത്. കേരളത്തിലെ പരമ്പരാഗത കൈത്തറി മേഖലയെ കൈപിടിച്ചുയർത്തുന്നതിനായി സംസ്ഥാന സർക്കാർ വിവിധ ക്ഷേമപദ്ധതികളാണ് നടപ്പാക്കുന്നത്. 2016-17 വർഷം മുതൽ നടപ്പാക്കിവരുന്ന സൗജന്യ കൈത്തറി യൂണിഫോം പദ്ധതി ഈ മേഖലയുടെ പുനരുജ്ജീവനത്തിന് സഹായകരമായിട്ടുണ്ട്.

സംസ്ഥാനത്ത് ആകെ 539 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 198 എണ്ണം ഫാക്ടറി ടൈപ്പ് സംഘങ്ങളും 341 എണ്ണം കോട്ടേജ് ടൈപ്പ് സംഘങ്ങളുമാണ്. നിലവിൽ 355 പ്രാഥമിക കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൈത്തറി മേഖലയിലെ 84.42 ശതമാനം തറികളും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നു. 159 സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നവയാണ്. 14642 നെയ്ത്തുകാർ ജോലി ചെയ്യുന്ന ഈ മേഖലയിലെ വാർഷിക ഉൽപ്പാദനം 52.54 മില്ല്യൺ മീറ്ററാണ്.

യന്ത്രത്തറി മേഖലയിൽ ആകെ 1804 എണ്ണമാണ് പ്രവർത്തിക്കുന്നത്. ഇതിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം 56 ആണ്. ഈ മേഖലയിലെ വാർഷിക ഉൽപ്പാദനം 65.26 മില്ല്യൻ മീറ്ററാണ്.

കൈത്തറിയുടെ സംയോജിതവും സമഗ്രവുമായ വികസനവും കൈത്തറി നെയ്ത്തുകാരുടെ ക്ഷേമവും ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് സ്മാൾ ക്ലസ്റ്റർ ഡവലപ്മെൻറ് പ്രോഗ്രാം (എസ്സിഡിപി). ഈ പദ്ധതി പ്രകാരം 50 മുതൽ 500 വരെയുള്ള നെയ്ത്തുകാരെ ഉൾപ്പെടുത്തി പ്രാദേശികമായി ഓരോ ക്ലസ്റ്ററുകൾ രൂപീകരിക്കാൻ സാധിക്കും. ഇവയ്ക്ക് പരമാവധി രണ്ട് കോടി രൂപ വരെ ധനസഹായം ലഭിക്കും. എസ് സിഡിപി പ്രകാരം കേരളത്തിൽ ഇതുവരെ 15 കൈത്തറി ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

## ബംഗ്ലാ പ്രക്ഷോഭത്തിന്റെ ഒന്നാം വാർഷികം ഇന്ന്; ഹസീനയുടെ വസതി മ്യൂസിയമാക്കും

ധാക്ക: ബംഗ്ലാദേശിൽ മുൻ പ്രധാനമന്ത്രി ഷേഖ് ഹസീനയുടെ ഔദ്യോഗിക വസതിയായിരുന്ന 'ഗണഭവൻ' മ്യൂസിയമാക്കി. ഹസീന പുറത്താക്കപ്പെട്ട പ്രക്ഷോഭവുമായി ബന്ധപ്പെട്ട് 'ജൂലൈ റെവലൂഷൻ മെമ്മോറിയൽ മ്യൂസിയം' എന്നാണ് പേരു നല്കിയിരിക്കുന്നത്.

ഹസീന ജീവനുംകൊണ്ട് ഇന്ത്യയിലേക്കു പലായനം ചെയ്തതിന്റെ ഒന്നാം വാർഷികമായ ഇന്ന് മ്യൂസിയം ഉദ്ഘാടനം ചെയ്യുമെന്നാണു റിപ്പോർട്ട്. ബംഗ്ലാദേശ് സ്ഥാപകനും ഹസീനയുടെ പിതാവുമായ ഷേഖ് മുജിബുർ റഹ്മാനാണ് ഈ വസതി പണിതത്. 2010 മാർച്ച് ആറ് മുതൽ പുറത്താക്കപ്പെട്ട 2024 ഓഗസ്റ്റ് അഞ്ച് വരെ ഹസീന ഇവിടെയാണു താമസിച്ചിരുന്നത്. ഹസീനയെ വധിക്കാനായി ഇവിടെ പ്രക്ഷോഭകർ എത്തിയിരുന്നു. എന്നാൽ, മണിക്കൂറുകൾക്കു മുന്പ് ഹസീന ഇന്ത്യയിലേക്കു രക്ഷപ്പെട്ടു. പ്രക്ഷോഭകർ ഗണഭവൻ കൊള്ളയടിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. സാരി, ക്ലോക്ക്, സോഫ, ആഡംബര ബാഗുകൾ, ടിവി തുടങ്ങി സ്ത്രീകളുടെ അടിവസ്ത്രം വരെ എടുത്തുകൊണ്ടുപോയി. നഷ്ടപ്പെട്ട പലതും വീണ്ടെടുക്കാൻ കഴിഞ്ഞുവെന്നാണു പറയുന്നത്. ഹസീനയ്ക്കു ശേഷം അധികാരത്തിലേറിയ പ്രഫ. മുഹമ്മദ് യൂനുസിന്റെ സർക്കാരാണ് ഗണഭവനെ മ്യൂസിയമാക്കാൻ തീരുമാനിച്ചത്. പ്രക്ഷോഭത്തിനിടെ കൊല്ലപ്പെട്ടവരുടെ ചിത്രങ്ങൾ മ്യൂസിയത്തിൽ സ്ഥാപിക്കുമെന്നാണ് റിപ്പോർട്ട്.

അതേസമയം, മ്യൂസിയത്തിന്റെ പണി പൂർത്തിയായ ശേഷമേ ജനങ്ങൾക്കു തുറന്നുകൊടുക്കൂ എന്നാണു പറയുന്നത്.

## ഇരട്ടത്തീരുവ അംഗീകരിക്കില്ല; ട്രംപിനും യൂറോപ്യൻ യൂണിയനും ശക്തമായ മറുപടിയുമായി ഇന്ത്യ

ന്യൂഡൽഹി: റഷ്യയിൽ നിന്ന് എണ്ണ ഇറക്കുമതിചെയ്യുന്നതിനെച്ചൊല്ലി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപും യൂറോപ്യൻ യൂണിയനും ഇന്ത്യയെ വിമർശിക്കുന്നതിൽ വിശദീകരണവുമായി വിദേശകാര്യ മന്ത്രാലയം.

യുക്രെയ്ൻ യുദ്ധം തുടങ്ങിയപ്പോഴാണ് ഇന്ത്യ റഷ്യയിൽനിന്ന് എണ്ണ ഇറക്കുമതി തുടങ്ങിയത്. അന്നുതൊട്ട് യുഎസും യൂറോപ്യൻ യൂണിയനും ഇന്ത്യയെ ഉന്നംവയ്ക്കുന്നുവെന്നും വിദേശകാര്യമന്ത്രാലയം ചൂണ്ടിക്കാട്ടി. യുക്രെയ്ൻ യുദ്ധത്തെത്തുടർന്ന് പരമ്പരാഗത ഇറക്കുമതി മാർഗങ്ങൾ തടയപ്പെട്ടതോടെയാണ് റഷ്യയിൽനിന്ന് എണ്ണ ഇറക്കുമതി തുടങ്ങിയത്. അക്കാലത്ത് യുഎസ് അതിനെ പ്രോത്സാഹിപ്പിച്ചിരുന്നു. എണ്ണയുടെ ആഗോളവിപണി ശക്തമാക്കുമെന്നാണ് അന്ന് പറഞ്ഞിരുന്നതെന്നും വിദേശകാര്യമന്ത്രാലയം പത്രക്കുറിപ്പിൽ വിശദീകരിച്ചു.

ഇന്ത്യയെ വിമർശിക്കുന്ന പല രാജ്യങ്ങളും റഷ്യയുമായി എണ്ണയിടപാട് നടത്തിയിരുന്നു. യുഎസ് യുറേനിയവും വൈദ്യുതവാഹനങ്ങൾക്കുവേണ്ട ഘടകങ്ങളും പ്രത്യേക രാസവസ്തുക്കളും വളങ്ങളും റഷ്യയിൽ നിന്ന് വാങ്ങുന്നുണ്ട്. യൂറോപ്പ്-റഷ്യ വ്യാപാരത്തിൽ ഊർജ്ജം മാത്രമല്ല, വളങ്ങൾ, ഖനന ഉൽപ്പന്നങ്ങൾ, രാസവസ്തുക്കൾ, ഇരുമ്പും ഉരുക്കും, യന്ത്രസാമഗ്രികളും ഗതാഗത ഉപകരണങ്ങളും ഉൾപ്പെടുന്നു.

ഈ സാഹചര്യത്തിൽ ഇന്ത്യയെ കുറ്റപ്പെടുത്തുന്നത് നീതീകരിക്കാനാകില്ല. മറ്റു പ്രധാന സാമ്പത്തികശക്തികളെപ്പോലെ ഇന്ത്യക്കും രാജ്യതാത്പര്യങ്ങളും സാമ്പത്തിക സുരക്ഷിതത്വവും പരിഗണിക്കേണ്ടതുണ്ടെന്നും പ്രസ്താവനയിൽ പറഞ്ഞു.

## രാജാക്കാട്ട് അഞ്ചുവയസുകാരിയെ കാറിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തി

ഇടുക്കി: രാജാക്കാട് തിങ്കൾക്കാട്ടിൽ അഞ്ചുവയസുകാരിയെ കാറിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തി. അതിഥിത്തൊഴിലാളികളുടെ മകളായ കല്പന ആണ് മരിച്ചത്.

അസം സ്വദേശിയായ മാതാപിതാക്കൾ കുട്ടിയെ വാഹനത്തിൽ ഇരുത്തിയ ശേഷം കൃഷിയിടത്തിലേക്ക് ജോലിക്ക് പോയതായിരുന്നു. കുട്ടിയെ ഉടൻ രാജാക്കാട്ടെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

തിങ്കളാഴ്ച രാവിലെ തോട്ടം മുതലാളിയുടെ കാറിലായിരുന്നു ഇവർ ജോലി സ്ഥലത്തെത്തിയത്. കുട്ടിയെ വാഹനത്തിൽ ഇരുത്തിയ ശേഷം കൃഷിയിടത്തിലേക്ക് പോയ മാതാപിതാക്കൾ ഉച്ചയ്ക്ക് ശേഷമാണ് ജോലികഴിഞ്ഞ് തിരികെയെത്തിയത്.

ആ സമയത്ത് കല്പനയെ വാഹനത്തിനുള്ളിൽ ബോധരഹിതയായ നിലയിൽ കണ്ടെത്തുകയായിരുന്നു. ഉടൻ ഇതേ വാഹനത്തിൽ കുട്ടിയെ രാജാക്കാട്ടെ ആശുപത്രിയിലെത്തിച്ചു. വാഹനത്തിന്റെ വിൻഡോകൾ അടച്ചിരുന്നോ എന്നതു സംബന്ധിച്ച് വിവരമില്ല. പോസ്റ്റുമോർട്ടത്തിനു ശേഷമേ മരണകാരണം വ്യക്തമാകൂ. അതേസമയം, ശക്തമായ പനിയെത്തുടർന്ന് കുട്ടിക്ക് മാതാപിതാക്കൾ കഴിഞ്ഞ ദിവസം മരുന്ന് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും കാരണങ്ങളുണ്ടോ എന്നും അന്വേഷിക്കും. ഉടുമ്പൻചോല പോലീസാണ് കേസ് അന്വേഷിക്കുന്നത്.

## മേഘാലയയിൽ കാർ കൊക്കയിൽ വീണ് അപകടം; അഞ്ച് പേർ മരിച്ചു

ഷില്ലോംഗ്: മേഘാലയയിൽ കാർ കൊക്കയിൽ വീണുണ്ടായ അപകടത്തിൽ അഞ്ച് പേർ മരിച്ചു. ഈസ്റ്റ് ഖാസി ഹിൽസ് ജില്ലയിലാണ് അപകടമുണ്ടായത്.

ഞായറാഴ്ച വൈകുന്നേരം ഏഴോടെയാണ് അപകടമുണ്ടായത്. കാർ നിയന്ത്രണം വിട്ട് 70 അടി താഴ്ചയിലേയ്ക്ക് മറിയുകയായിരുന്നു.

ലാംഗിർഡെം ലെയ്റ്റി ലിംഗോട്ട് സ്വദേശികളായ നിന്നുള്ള എലിഡ മാർബനിയാംഗ്(65), മെബാനഡോർ മാർബനിയാംഗ് (28), എയ്മികി മാർബനിയാംഗ്(23) എന്നിവരും മോവ്പൺ റംഗ്രാമത്തിൽ നിന്നുള്ള റിസ്ബുൺ കുർബ (22) യും ഒന്നര വയസുള്ള ഡമേബൻ എന്നിവരുമാണ് മരിച്ചത്.

ഏഴ് മണിക്കൂർ നീണ്ട തെരച്ചിലിനൊടുവിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്.

## ആലപ്പുഴയിൽ ഗൃഹനാഥൻ വീട്ടിനുള്ളിൽ ആത്മഹത്യ ചെയ്തു

ആലപ്പുഴ: വള്ളികുന്നത്ത് ഗൃഹനാഥൻ വീട്ടിനുള്ളിൽ ആത്മഹത്യ ചെയ്തു. വള്ളികുന്നം വട്ടക്കാട് സ്വദേശി ധർമജൻ (76) ആണ് മരിച്ചത്.

തിങ്കളാഴ്ച വൈകുന്നേരം 7.30 ഓടെ ആയിരുന്നു സംഭവം. ഭാര്യയും ധർമ്മജനുമായിരുന്നു വീട്ടിൽ താമസം.

വൈകുന്നേരം ഭാര്യ നന്ദിനി നാമം ചൊല്ലുവാൻ പോയ നേരത്ത് മുറിയിൽ കയറി മെണ്ണെണ്ണ ഒഴിച്ചു ആത്മഹത്യ ചെയ്യുകയായിരുന്നുവെന്നാണ് വിവരം.

കായംകുളത്തു നിന്നും ഫയർ ഫോഴ്സും, വള്ളികുന്നം പൊലീസും ചേർന്നാണ് മൃതദേഹം പുറത്തെടുത്തത്. മൃതദേഹം കായംകുളം താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

## റെഡ് അലർട്ടിനു പിന്നാലെ ദുരിതം വിതച്ച് മഴ; കൊച്ചിയിലും തൃശൂരിലും വെള്ളക്കെട്ട്

കൊച്ചി: സംസ്ഥാനത്ത് മഴ വീണ്ടും ശക്തമാകുന്നു. പുലർച്ചെ മുതൽ പെയ്ത മഴ വിവിധ ജില്ലകളിൽ ദുരിതം വിതച്ചു. ഇന്ന് റെഡ് അലർട്ടുള്ള എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളിലാണ് മഴ കൂടുതൽ നാശം വിതച്ചത്.

കൊച്ചിയിൽ വിവിധ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടിരിക്കുകയാണ്. പുലർച്ചെ രണ്ടുമണിയോടെ ആരംഭിച്ച മഴയിൽ കലൂർ, ഇടപ്പള്ളി, പാലാരിവട്ടം എന്നിവിടങ്ങളിൽ താഴ്ന്ന മേഖലകളിൽ വെള്ളംകയറി. ദേശീയ പാതയിൽ ഗതാഗതക്കുരുക്ക് രൂക്ഷമാണ്. കളമശേരിയിൽ വീടുകളിൽ വെള്ളം കയറി. തൃപ്പൂണിത്തുറയിൽ വെള്ളക്കെട്ട് രൂക്ഷമാണ്.

കോട്ടയത്തും ഇടുക്കിയിലും തൃശൂരിലും കനത്ത മഴയാണ് അനുഭവപ്പെടുന്നുത്. ശക്തമായ മഴയിൽ തൃശൂർ നഗരത്തിന്റെ പല ഭാഗങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടു. അശ്വിനി ജംഗ്ഷന് സമീപമുള്ള വീടുകളിൽ വെള്ളം കയറി. അതിരപ്പിള്ളി, വാഴച്ചാൽ വിനോദ സഞ്ചാര കേന്ദ്രങ്ങൾ അടച്ചു. മണ്ണാർക്കാട്, അലനല്ലൂർ മേഖലയിലെ പുഴകൾ കര കവിഞ്ഞ് ഒഴുകുന്നു. ഇടുക്കിയിൽ ലോറേഞ്ചിലാണ് ശക്തമായ മഴ അനുഭവപ്പെടുന്നത്. മലങ്കര ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്ക് ഒഴുക്കുന്നുണ്ട്. നദികളുടെ തീരത്ത് താമസിക്കുന്നവർക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം സ്പെഷൽ സബ് ജയിലിൽ കഞ്ചാവ് കണ്ടെത്തി

തിരുവനന്തപുരം: തിരുവനന്തപുരം സ്പെഷൽ സബ് ജയിലിൽ നിന്ന് കഞ്ചാവ് കണ്ടെത്തി. തിങ്കളാഴ്ച നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പൊതികൾ കണ്ടെത്തിയത്. ഡോഗ് സ്ക്വാഡാണ് ജയിലിലെ ഗ്രൗണ്ടിന് സമീപത്തുനിന്ന് കഞ്ചാവ് കണ്ടെത്തിയത്. കുപ്പിക്കുള്ളിൽ സൂക്ഷിച്ച നിലയിലായിരുന്നു കഞ്ചാവ് പൊതികൾ. കഴിഞ്ഞദിവസം ഉച്ചയോടുകൂടിയാണ് ജയിലിനുള്ളിൽ നിന്ന് കഞ്ചാവ് കണ്ടെത്തുന്നത്. മൂന്ന് പൊതി കഞ്ചാവാണ് കണ്ടെത്തിയത്. സംഭവത്തിൽ പൂജപ്പുര പോലീസ് കേസ് രജിസ്റ്റർ ചെയ്ത അന്വേഷണം ആരംഭിച്ചു.

## കള്ളപ്പണം വെളുപ്പിക്കൽ; അനിൽ അംബാനി ഇഡിക്കു മുന്നിൽ ഹാജരായി

ന്യൂഡൽഹി: കള്ളപ്പണം വെളുപ്പിക്കൽ കുറ്റവുമായി ബന്ധപ്പെട്ട് റിലയൻസ് ഗ്രൂപ്പ് ചെയർമാൻ അനിൽ അംബാനി അന്വേഷണ ഏജൻസിയായ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിന്റെ (ഇഡി) ന്യൂഡൽഹിയിലെ ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജരായി.

17,000 കോടി രൂപയുടെ ബാങ്ക് വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കുറ്റത്തിലാണ് ചോദ്യം ചെയ്യൽ. 50 കമ്പനികളുടെ രേഖകൾ മൂന്ന് ദിവസം പരിശോധിച്ചതിനും 25 ലധികം ആളുകളെ ചോദ്യം ചെയ്തതിനും ശേഷമാണ് അന്വേഷണ ഏജൻസി അംബാനിക്ക് സമൻസ് അയച്ചത്. ഓഗസ്റ്റ് ഒന്നിനാണ് അന്വേഷണ ഏജൻസിക്ക് മുന്നിൽ ഹാജരാകാൻ സമൻസ് അയച്ചത്. 17,000 കോടിയിലധികം രൂപയുടെ വായ്പ റിലയൻസ് ഇൻഫ്രാസ്ട്രക്ചർ (ആർ ഇൻഫ്ര) ഉൾപ്പെടെ അദ്ദേഹത്തിന്റെ ഒന്നിലധികം കമ്പനികൾ വകമാറ്റിയതായുള്ള സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ചാണ് അംബാനിക്കെതിരായ നടപടി.

പ്രാഥമിക അന്വേഷണത്തിൽ യെസ് ബാങ്കിൽ നിന്ന് 2017നും 2019നും ഇടയിലുള്ള കാലയളവിൽ ഏകദേശം 3,000 കോടി രൂപയുടെ അനധികൃത വായ്പ വഴിമാറ്റിയതായി ഇഡി കണ്ടെത്തിയിരുന്നു. ഇതിനു പുറമെ റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് 14,000 കോടിയിലധികം രൂപയുടെ വായ്പാ തട്ടിപ്പ് നടത്തിയതായും അന്വേഷണത്തിൽ വ്യക്തമായി.

## ജമ്മു കാഷ്മീർ മുൻ ഗവർണർ സത്യപാൽ മാലിക് അന്തരിച്ചു

ന്യൂഡൽഹി: ജമ്മു കാഷ്മീർ മുൻ ഗവർണർ സത്യപാൽ മാലിക് (79) അന്തരിച്ചു. ഉച്ചയ്ക്ക് ഒരു മണിയോടെ ഡൽഹിയിലെ റാം മനോഹർ ലോഹ്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. ഏറെ നാളായി അസുഖ ബാധിതനായി ചികിത്സയിലായിരുന്നു.

2018 ഓഗസ്റ്റ് മുതൽ 2019 ഒക്ടോബർ വരെ ജമ്മു കാഷ്മീർ ഗവർണറായി സേവനമനുഷ്ഠിച്ചിരുന്നു. 2019 ഓഗസ്റ്റ് അഞ്ചിന് ജമ്മു കശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയത് ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്. പിന്നീട് ഗോവ ഗവർണറായും 2022 ഒക്ടോബർ വരെ മേഘാലയ ഗവർണറായും സേവനമനുഷ്ഠിച്ചു.

അവസാന കാലഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ ആരോപണങ്ങളുന്നയിച്ചും കോൺഗ്രസിനെ പിന്തുണച്ചും സത്യപാൽ മാലിക് ബിജെപിയെ വെട്ടിലാക്കിയിരുന്നു. 2019ലെ പുൽവാമ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രിക്കെതിരെ അദ്ദേഹം രംഗത്തെത്തിയത് വിവാദം സൃഷ്ടിച്ചിരുന്നു.

## ഇരട്ട ഗോളുകളുമായി ഗാക്പോ; ലിവർപൂളിന് തകർപ്പൻ ജയം

ലിവർപൂൾ: സൗഹൃദ മത്സരത്തിൽ അത്‌ലറ്റിക്ക് ക്ലബിനിനെ ലിവർപൂൾ എഫ്സിക്ക് തകർപ്പൻ ജയം. ആൻഫീൽഡിൽ നടന്ന മത്സരത്തിൽ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് ലിവർപൂൾ വിജയിച്ചത്.

ലിവർപൂളിന് വേണ്ടി കോഡി ഗാക്പോ രണ്ട് ഗോളുകളും മുഹമ്മദ് സാല ഒരു ഗോളും നേടി. സാല 14-ാം മിനിറ്റിലാണ് ഗോൾ നേടിയത്. മത്സരത്തിന്റെ 55,70 എന്നീ മിനിറ്റുകളിലുമാണ് ഗാക്പോ ഗോളുകൾ സ്കോർ ചെയ്തത്. ഒഹിയോ സാൻസെറ്റാണ് അത്‌ലറ്റിക്ക് ക്ലബിനായി ഗോൾ നേടിയത്. ലിവർപൂൾ താരം കോഡി ഗാക്പോയുടെ ഓൺ ഗോളും അത്‌ലറ്റിക്കോയുടെ ഗോൾ പട്ടികയിലുണ്ട്.

## കർണാടകയിൽ മയിലുകൾ കൂട്ടത്തോടെ ചത്ത നിലയിൽ

മംഗളൂരു: കർണാടകയിലെ തുമകുരുവിൽ ഇരുപത് മയിലുകളെ ചത്ത നിലയിൽ കണ്ടെത്തി. സംഭവത്തിൽ വനംമന്ത്രി ഈശ്വർ ഖന്ദ്രെ അന്വേഷണത്തിന് ഉത്തരവിട്ടു. മൂന്ന് ആൺ മയിലുകളും 17 പെൺ മയിലുകളുമാണ് ചത്തതെന്ന് അധികൃതർ അറിയിച്ചു. മധുഗിരി താലൂക്കിലെ ഹനുമന്തപുര ഗ്രാമത്തിലെ മെഡിഗേഷിക്ക് സമീപമുള്ള വയലിലാണ് ചത്ത മയിലുകളെ കർഷകർ ആദ്യം കാണുന്നത്. പിന്നാലെ പോലീസും വനംവകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്ത് എത്തി പരിശോധിച്ചു.

കാരണം ഇതുവരെ കണ്ടെത്താനായിട്ടില്ല. സാമ്പിളുകൾ ശേഖരിച്ച് വിദഗ്ധ പരിശോധനക്ക് അയച്ചു.

## തിരുവനന്തപുരത്ത് സുഹൃത്തിന്റെ അടിയേറ്റ് മത്സ്യത്തൊഴിലാളി മരിച്ച കേസ്; പ്രതി പിടിയിൽ

തിരുവനന്തപുരം: മദ്യപാനത്തിനിടെയുണ്ടായ തർക്കത്തെ തുടർന്ന് സുഹൃത്തിന്റെ അടിയേറ്റ് മത്സ്യത്തൊഴിലാളി മരിച്ച കേസിലെ പ്രതി പിടിയിൽ. മത്സ്യത്തൊഴിലാളി ചൊവ്വര അമ്പലത്തുമൂല ഷൈനി ഹൗസിൽ തീർഥപ്പൻ (57) ആണ് മരിച്ചത്. സംഭവത്തിൽ സുഹൃത്തും തീർഥപ്പന്റെ ബന്ധുവുമായ അലോഷ്യസി(49)ന്റെ അറസ്റ്റ് പോലീസ് രേഖപ്പെടുത്തി.

ഇരുവരും ഒന്നിച്ചിരുന്ന് മദ്യപിക്കുന്നതിനിടെ പ്രതി അസഭ്യം പറഞ്ഞതു വിലക്കിയതാണ് പ്രകോപന കാരണമെന്ന് പോലീസ് പറഞ്ഞു. തുടർന്ന് ഉന്തും തള്ളും നടന്നുവെന്നും പ്രതി തീർഥപ്പനെ

തള്ളി താഴെയിട്ടു തല തറയിലടിച്ചതിനെ തുടർന്ന് തീർഥപ്പന് പരുക്കേറ്റുവെന്നും പോലീസ് പറഞ്ഞു.

പിറ്റേന്ന് അവശനായി കണ്ടതോടെ ബന്ധുക്കൾ സമീപത്തെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ച് ഐസിയുവിലേക്കും പ്രവേശിപ്പിക്കുകയായിരുന്നു. ചികിത്സയ്ക്കിടെ കഴിഞ്ഞ ദിവസം പുലർച്ചെ മരണം സംഭവിച്ചു. കൊലപാതകത്തിനാണ് കേസെടുത്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കാലാവസ്ഥാ വ്യതിയാനം സമുദ്രമത്സ്യ മേഖലയെ ഗുരുതരമായി ബാധിക്കുന്നു, മുന്നറിയിപ്പുമായി വിദഗ്ധർ

കൊച്ചി: കാലാവസ്ഥാ വ്യതിയാനം സമുദ്രമത്സ്യ മേഖലയെ ഗുരുതരമായി ബാധിക്കുന്നതായി മുന്നറിയിപ്പ്. മത്സ്യങ്ങളുടെ ജൈവപരമായ മാറ്റങ്ങൾ, പാരിസ്ഥിതിക വ്യതിയാനങ്ങൾ തുടങ്ങി അനേകം പ്രത്യാഘാതങ്ങൾക്ക് കാലാവസ്ഥാവ്യതിയാനം കാരണമാകുന്നതായി കൊച്ചിയിൽ തുടങ്ങിയ ദേശീയ സെമിനാറിൽ സമുദ്രശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടി.

ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെ സാമ്പത്തിക സഹായത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സിഎംഎഫ്ആർഐ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സോഷ്യൽ സയൻസും സംയുക്തമായാണ് ദ്വദിന സെമിനാർ സംഘടിപ്പിക്കുന്നത്.

മീനുകളുടെ വളർച്ചയെ ബാധിക്കുന്നു

മത്സ്യങ്ങളുടെ ജീവിതചക്രത്തിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നതായി സെമിനാറിൽ അധ്യക്ഷത വഹിച്ച സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. പല മത്സ്യങ്ങളും മതിയായ വളർച്ചയെത്താതെ തന്നെ പ്രജനനത്തിന് പാകമാകുന്നു. നേരത്തെ, 410 ഗ്രാം തൂക്കമുണ്ടായിരുന്ന ആവോലി ഇപ്പോൾ 280 ഗ്രാം വളർച്ചയെത്തുമ്പോൾ തന്നെ പ്രജനന കാലയളവെത്തുന്നു. മാത്രമല്ല, തീരദേശ ചെമ്മീനുകൾ, മത്തി, അയല എന്നിവയുടെ വലിപ്പവും പ്രത്യുൽപ്പാദന ശേഷിയും കുറയുന്നത് മത്സ്യസമ്പത്തിനെ ബാധിക്കുന്നു.

ഭക്ഷ്യലഭ്യത, മഴ, സമുദ്രത്തിലെ ജലപ്രവാഹം, ഓക്സിജന്റെ അളവ് എന്നിവയിലുണ്ടായ മാറ്റങ്ങൾ കാരണം മത്തി പോലുള്ള മത്സ്യങ്ങൾ അനുകൂലമായ പ്രദേശങ്ങളിലേക്ക് പാലായനം ചെയ്യുന്നു- സിഎംഎഫ്ആർഐ ഡയറക്ടർ പറഞ്ഞു.ഫിഷറി സർവേ ഓഫ് ഇന്ത്യ ഡയറക്ടർ ഡോ. കെ.ആർ. ശ്രീനാഥ് സെമിനാർ ഉദ്ഘാടനം ചെയ്തു.

ലക്ഷദ്വീപിലെ പവിഴപ്പുറ്റുകൾക്ക് ഭീഷണി

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളെയും ബാധിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇത് ജൈവവൈവിധ്യത്തിനും തീരദേശ സംരക്ഷണത്തിനും ഭീഷണിയാണ്. കാലാവസ്ഥാ പ്രവചനവും മത്സ്യലഭ്യതയെ കുറിച്ചുള്ള മുന്നറിയിപ്പുകളും കൂടുതൽ കൃത്യവും കാര്യക്ഷമവുമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ലക്ഷദ്വീപിലെ ആവാസവ്യവസ്ഥയെ കാലാവസ്ഥാ വ്യതിയാനം സാരമായി ബാധിച്ചതായി കേന്ദ്ര ഫിഷറീസ് ഡെവലപ്മെന്റ് കമ്മീഷണർ ഡോ കെ. മുഹമ്മദ് കോയ ചൂണ്ടിക്കാട്ടി.

കടൽപ്പുല്ല് നിറഞ്ഞ പ്രദേശങ്ങൾ നശിച്ചു. ഇത് പുനഃസ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കടൽപായൽ കൃഷി ചെയ്യുന്ന് ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയെ സഹായിക്കും.

കാലാവസ്ഥാവ്യതിയാനം കാരണം 2000-ത്തിന് ശേഷം തീരശോഷണം ഗണ്യമായി വർധിച്ചുവരികയാണെന്ന് സിക്കിം ഗവൺമെന്റിന്റെ കാലാവസ്ഥാ വ്യതിയാന ഉപദേഷ്ടാവ് പ്രൊഫ. വിനോദ് ശർമ്മ പറഞ്ഞു. അറബിക്കടലിൽ അടുത്തിടെയായി ചുഴലിക്കാറ്റുകളുടെ എണ്ണം കൂടിയിട്ടുണ്ട്. ഇത് തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതിന് കാരണമാകുകയും തീരദേശ മേഖലകളിൽ താമസിക്കുന്നവരുടെ ആരോഗ്യത്തെ ബാധിക്കുകയും ചെയ്യുന്നു- അദ്ദേഹം പറഞ്ഞു.

ഡോ സുരജിത് മഹാലനോബിസ്, ഡോ ശോഭ ജോ കിഴക്കൂടൻ, ഡോ പൂജ ശർമ്മ എന്നിവരും സംസാരിച്ചു.

സെമിനാർ ബുധനാഴ്ച സമാപിക്കും.




**സിഎംഎഫ്ആർഐയിൽ തുടങ്ങിയ ദേശീയ സെമിനാർ ഫിഷറി സർവേ ഓഫ് ഇന്ത്യ ഡയറക്ടർ ജനറൽ ജോ കെ ആർ ശ്രീനാഥ് ഉദ്ഘാടനം ചെയ്യുന്നു.**

# ഇ20 ഇന്ധനം: പഴയ വാഹന ഉടമകൾ ആശങ്കയിൽ

രാജ്യവ്യാപകമായി എത്തനോൾ മിശ്രിത ഇന്ധനം പുറത്തിങ്ങുന്നതിൽ ആശങ്ക വർധിച്ച് പഴയ വാഹന ഉടമകൾ. 20 ശതമാനം എത്തനോളും 80 ശതമാനം പെട്രോളും ചേർന്നതാണ് പുതിയ ഇന്ധന മിശ്രിതം. പഴയ വാഹനങ്ങളിൽ ഉയർന്ന എത്തനോൾ അളവ് ഗുരുതരമായ വെല്ലുവിളികൾ സൃഷ്ടിച്ചേക്കാമെന്നതാണ് ആശങ്കയ്ക്കിടയാക്കുന്നത്. ഫോസിൽ ഇന്ധനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിലേക്കുള്ള ചുവടുവയ്പ്പായാണ് എത്തനോൾ മിശ്രിത ഇന്ധനം വ്യാപിപ്പിക്കുന്നതെന്ന് സർക്കാർ വൃത്തങ്ങൾ പറയുന്നു. ഇന്ത്യയിലെ ഭൂരിഭാഗം വാഹന നിർമാതാക്കളും ഇ20 ഇന്ധനം ഉപയോഗിക്കുന്നതിന് പര്യാപതമാകുംവിധമാണ് തങ്ങളുടെ കാറുകളും ഇരുചക്ര വാഹനങ്ങളും നിലവിൽ ഇറക്കുന്നത്.

ഇ20 ഇന്ധനത്തിലേക്ക് മാറുന്നതോടെ പഴയ വാഹനങ്ങൾക്ക് ഇന്ധനക്ഷമതയിൽ കാര്യമായ വെല്ലുവിളി നേരിടുമെന്നാണ് കരുതുന്നത്. ഉയർന്ന എത്തനോൾ മർദം കൈകാര്യം ചെയ്യാൻ ഒപ്റ്റിമൈസ്ഡ് ചെയ്യാത്ത ഇ10 കാലിബ്രേറ്റഡ് എൻജിനുകൾക്കോ അതിന് മുമ്പുള്ളതോ ആയ കാറുകളിലാണ് മൈലേജ് പ്രശ്നം കൂടുതലും ഉണ്ടാകാൻ സാധ്യത. കൂടാതെ എൻജിൻ പെർഫോമൻസ്, കോൾഡ് സ്റ്റാർട്ട്, എൻജിൻ നോക്കിംഗ് തുടങ്ങിയ പ്രശ്നങ്ങളും ഇ20 ഇന്ധനത്തിലൂടെ പഴയ വാഹനങ്ങൾക്ക് ഉണ്ടാകുമെന്നാണ് പറയപ്പെടുന്നത്.

# വർക്കലയിൽ സ്വകാര്യ ബസ് സ്കൂട്ടറിൽ ഇടിച്ച് അപകടം; സ്കൂട്ടർ യാത്രക്കാരൻ മരിച്ചു

തിരുവനന്തപുരം: വർക്കലയിൽ സ്വകാര്യ ബസ് സ്കൂട്ടറിൽ ഇടിച്ചുണ്ടായ അപകടത്തിൽ സ്കൂട്ടർ യാത്രക്കാരൻ മരിച്ചു. കുരയ്ക്കണ്ണി ജവഹർ പാർക്കിൽ അരുളകം വീട്ടിൽ വിജയൻ (78) ആണ് മരിച്ചത്. റെയിൽവേയിൽ സീനിയർ സെക്ഷണൽ എൻജീയറായി വിരമിച്ചയാളാണ് വിജയൻ.

വർക്കലയിൽ റെയിൽവേ സ്റ്റേഷന് സമീപമാണ് അപകടമുണ്ടായത്. വിജയൻ സഞ്ചരിച്ചിരുന്ന സ്കൂട്ടറിനെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ സ്കൂട്ടറിൽ തട്ടിയാണ് അപകടമുണ്ടായത്. പരിക്കേറ്റ വിജയനെ വർക്കല താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംഭവത്തിൽ ബസ് ഡ്രൈവറെ പോലീസ് കസ്റ്റഡിയിലെടുത്തു.

# കരുവാരകുണ്ടിൽ മലവെള്ളപ്പാച്ചിൽ; താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി

മലപ്പുറം: കരുവാരകുണ്ടിൽ മലവെള്ളപ്പാച്ചിൽ. ശക്തമായ കുത്തൊഴുക്കിനെ തുടർന്ന് ഒലിപ്പുഴ കരകവിഞ്ഞൊഴുകുകയാണ്. കൃഷിയിടങ്ങളടക്കം താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയിട്ടുണ്ട്. സംസ്ഥാനത്ത് അതിതീവ്ര മഴ തുടരുകയാണ്. ഇന്ന് എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ റെഡ് അലർട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ടും മറ്റ് ജില്ലകളിൽ യെല്ലോ അലർട്ടുമാണ്.

ബുധനാഴ്ച കണ്ണൂർ, കാസർഗോട് ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് അലർട്ടുമാണ്. തുടർച്ചയായി മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ പ്രത്യേക ജാഗ്രത വേണമെന്ന് നിർദേശമുണ്ട്. കേരള തീരത്ത് 60 കി. മീ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുണ്ട്. കേരള തീരത്ത് മത്സ്യബന്ധനത്തിനുള്ള വിലക്ക് തുടരുകയാണ്. തെക്കൻ കേരളാ തീരത്ത് കടലാക്രമണത്തിനും സാധ്യത.

# പണത്തിന്റെ കാര്യത്തിൽ സുതാര്യത വേണമെന്ന് പറയുന്നതിൽ തെറ്റെന്താണ് അടൂരിനെ പിന്തുണച്ച് ശ്രീകുമാരൻ തമ്പി

തിരുവനന്തപുരം: സിനിമാ കോൺക്ലേവിൽ ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ നടത്തിയ പരാമർശത്തെ പിന്തുണച്ച് സംവിധായകനും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി. സിനിമ നിർമിക്കാൻ സർക്കാർ നൽകുന്ന പണത്തിന്റെ കാര്യത്തിൽ സുതാര്യത വേണമെന്ന് പറയുന്നതിൽ തെറ്റെന്താണെന്ന് ശ്രീകുമാരൻ തമ്പി ചോദിച്ചു.

നവാഗതർക്ക് സിനിമ നിർമ്മിക്കാൻ ഒന്നരക്കോടി രൂപ കെഎസ്എഫ്ഡിസി നൽകുമ്പോൾ സുതാര്യത വേണമെന്ന അടൂരിന്റെ അഭിപ്രായത്തോട് യോജിക്കുന്നുവെന്നും അതിൽ തെറ്റില്ലെന്നും അദ്ദേഹം വ്യക്തമാക്കി. അടൂർ പ്രസംഗിക്കുമ്പോൾ പ്രസംഗം തടസപ്പെടുത്തി ഗായിക പുഷ്പവതി പ്രതിഷേധിച്ചത് ശരിയായില്ലെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ദിവസം നടന്ന സിനിമ കോൺക്ലേവിലാണ് അടൂർ ഗോപാലകൃഷ്ണൻ നടത്തിയ പ്രസംഗം വിവാദമായത്. പട്ടികജാതിക്കാരായവർ സിനിമ നിർമ്മിക്കുമ്പോൾ അവർക്കു മതിയായ പരിശീലനം നൽകണമെന്നും സർക്കാരിന്റെ പണം അനാവശ്യമായി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്നായിരുന്നു അടൂരിന്റെ പരാമർശം. ഇതിനെതിരേയാണു ഗായിക പുഷ്പവതി പ്രതിഷേധിച്ചത്.

അടൂരിന്റെ പ്രസംഗം പട്ടികജാതിക്കാരെ അപമാനിക്കുന്നതാണെന്നു കാട്ടി ദളിത് ആക്ടിവിസ്റ്റ് ദിനു വെയിൽ മ്യൂസിയം പോലീസിലും എസ്സി, എസ്ടി കമ്മീഷനിലും പരാതി നൽകിയിരുന്നു.

# കൊച്ചി ഹണിട്രാപ്പ് കേസിൽ വഴിത്തിരിവ്; പരാതിപ്പെട്ടതിന് തന്നെ കുടുക്കിയതെന്ന് യുവതി, വ്യവസായിക്കെതിരേ കേസ്

കൊച്ചി: കൊച്ചിയിലെ ഹണിട്രാപ്പ് കേസിൽ വഴിത്തിരിവ്. പ്രതിയായ യുവതിയുടെ പരാതിയിൽ വ്യവസായിക്കെതിരെ പോലീസ് കേസെടുത്തു. കൊച്ചിയിലെ ഐടി സ്ഥാപനത്തിന്റെ സിഇഒ വേണു ഗോപാലകൃഷ്ണനെതിരേയാണ് ഇൻഫോ പാർക്ക് പോലീസ് കേസെടുത്തത്.

സ്ത്രീത്വത്തെ അപമാനിച്ചു, ഭീഷണിപ്പെടുത്തി തുടങ്ങിയ വകുപ്പുകൾ ചുമത്തി വേണു ഗോപാലകൃഷ്ണനെതിരെയും സ്ഥാപനത്തിലെ മൂന്ന് പേർക്കെതിരെയും കേസെടുത്തിട്ടുണ്ട്.

യുവതി തന്നെ ഹണിട്രാപ്പിൽ കുടുക്കിയെന്ന ഇയാളുടെ പരാതിയിൽ ആദ്യം യുവതിക്കും ഭർത്താവിനുമെതിരെ സെൻട്രൽ പോലീസ് കേസെടുത്തിരുന്നു. പിന്നീട് ഇരുവർക്കും എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി റിമാൻഡ് ഇല്ലാതെ തന്നെ ജാമ്യം നൽകിയിരുന്നു. ഇതിനു പിന്നാലെയാണ് കേസിൽ വഴിത്തിരിവുണ്ടായത്.

തൊഴിലിടത്തിൽ നേരിട്ട അപമാനത്തിന് താൻ ഐസിസി മുൻപാകെ പരാതി നൽകുമെന്ന് അറിയിച്ചതോടെയാണ് വ്യവസായി തന്നെ ഹണിട്രാപ്പിൽ കുടുക്കിയതെന്ന് യുവതി മാധ്യമങ്ങളോടു പറഞ്ഞു.

# കെട്ടിടം അനധികൃതമെങ്കിലും വാടക നിഷേധിക്കാനാകില്ല: ഹൈക്കോടതി

കൊച്ചി: കോവിഡ് കാലത്തു രോഗികളെ പാർപ്പിക്കാൻ സർക്കാർ ഉപയോഗിച്ച സ്വകാര്യ കെട്ടിടം അനധികൃതമാണെന്നു ചൂണ്ടിക്കാട്ടി, നൽകാനുള്ള വാടക കുടിശിക നിഷേധിക്കാനാകില്ലെന്നു ഹൈക്കോടതി.

2005ലെ ദുരന്തനിവാരണ നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിച്ചു സ്വകാര്യ കെട്ടിടം ഉപയോഗിച്ചാൽ വാടകയും നഷ്ടപരിഹാരവും നൽകാൻ സർക്കാർ നിയമപരമായി ബാധ്യസ്ഥരാണെന്നും കോടതി വ്യക്തമാക്കി.

കോവിഡ് മഹാമാരിയുടെ നിർണായകസമയത്തു വർക്കല എസ്ആർ ട്രസ്റ്റിന്റെ വിദ്യാഭ്യാസസ്ഥാപനങ്ങളും ഉപകരണങ്ങളുമാണ് സർക്കാർ വാടകയ്ക്കെടുത്തത്. പിന്നീട് ഈ കെട്ടിടം അനധികൃത നിർമാണമാണെന്നു ചൂണ്ടിക്കാട്ടി വാടക നിഷേധിച്ചു.

കെട്ടിടത്തിന്റെ നിർമാണത്തിൽ എന്തെങ്കിലും നിയമപരമായ ലംഘനങ്ങളുണ്ടായാൽ നടപടി സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ കെട്ടിടം സർക്കാർ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ഹർജിക്കാരനു വാടകയും നഷ്ടപരിഹാരവും നൽകണമെന്നും കോടതി വ്യക്തമാക്കി.

# യുഡിഎഫ് അവിശ്വാസ പ്രമേയം പാസായി; കൂത്താട്ടുകുളം നഗരസഭയിൽ എൽഡിഎഫിന് ഭരണം നഷ്ടമായി

കൊച്ചി: കൂത്താട്ടുകുളം നഗരസഭയിൽ ഇടതുപക്ഷത്തിന് ഭരണം നഷ്ടമായി. ഭരണസമിതിക്കെതിരെ യുഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായി. സിപിഎം വിമത കല രാജുവും ഒരു സ്വതന്ത്രനും യുഡിഎഫിന്റെ അവിശ്വാസ പ്രമേയത്തെ പിന്തുണച്ച് വോട്ട് ചെയ്തതോടെയാണ് എൽഡിഎഫിന് ഭരണം നഷ്ടമായത്. ജനുവരിയിൽ അവിശ്വാസ പ്രമേയം ചർച്ചയ്ക്ക് എടുക്കാനിരിക്കെ കൗൺസിലർ കലാ രാജുവിനെ തട്ടിക്കൊണ്ടു പോയ തടക്കമുള്ള നാടകീയ സംഭവങ്ങൾ അരങ്ങേറിയിരുന്നു. തുടർന്നാണ് ഇന്നു വീണ്ടും അവിശ്വാസ പ്രമേയ ചർച്ച നടന്നത്. ഇത് എൽഡിഎഫ് ചോദിച്ചു വാങ്ങിയ പരാജയമാണെന്നും ഇനി യുഡിഎഫിനൊപ്പമാണെന്നും കലാ രാജു മാധ്യമങ്ങളോട് പറഞ്ഞു. താൻ പ്രവർത്തിച്ച പാർട്ടി തന്നെ ചതിച്ചു. തനിക്ക് പാർട്ടി വിപ്പ് കിട്ടിയിട്ടില്ലെന്നും മനസാക്ഷിക്ക് അനുസരിച്ചാണ് വോട്ട് ചെയ്തതെന്നും കലാ രാജു കൂട്ടിച്ചേർത്തു. അതേസമയം, അവിശ്വാസ പ്രമേയം പാസായതിന് പിന്നാലെ എൽഡിഎഫ് അംഗങ്ങൾ പ്രതിഷേധം നടത്തി. ജനാധിപത്യത്തെ കശാപ്പ് ചെയ്തുവെന്നും പിന്നിൽ കുതിരക്കച്ചവടവും സാമ്പത്തിക ഇടപാടും നടന്നിട്ടുണ്ടെന്നും എൽഡിഎഫ് അംഗങ്ങൾ ആരോപിച്ചു.

# കണ്ണൂരിൽ പ്രായപൂർത്തിയാകാത്ത കുട്ടിയെ ലോഡ്ജ് മുറിയിൽ വച്ച് പീഡിപ്പിച്ച കേസ്; ഓട്ടോറിക്ഷാ ഡ്രൈവർ അറസ്റ്റിൽ

കണ്ണൂർ: പ്രായപൂർത്തിയാകാത്ത കുട്ടിയെ ലോഡ്ജ് മുറിയിൽ വച്ച് പീഡിപ്പിച്ച കേസിൽ ഓട്ടോറിക്ഷാ ഡ്രൈവർ അറസ്റ്റിൽ. കോറോം സ്വദേശി അനീഷ് ആണ് അറസ്റ്റിലായത്.

കഴിഞ്ഞ ജൂൺ നാലിനാണ് കേസിന് ആസ്പദമായ സംഭവം. അനീഷും സോഷ്യൽ മീഡിയ വഴി പരിചയപ്പെട്ട യുവതിയും അവരുടെ മൂന്ന് മക്കളോടുമൊപ്പം ലോഡ്ജിൽ മുറിയെടുത്തു. പ്ലസ് ടു വിദ്യാർഥിനി, ഒൻപതാം ക്ലാസുകാരി, പിന്നെ ഏറ്റവും ഇളയ കുട്ടി എന്നിവരാണ് അമ്മയ്ക്കൊപ്പം ഉണ്ടായിരുന്നത്.

ലോഡ്ജിൽ വച്ച് പുലർച്ചെ രണ്ടോടെ പതിനാലുകാരിയെ അനീഷ് പീഡിപ്പിക്കുന്നത് യുവതിയുടെ മൂത്ത മകൾ കാണുകയും യുവതിയോട് പറയുകയും ചെയ്തു. എന്നാൽ മാനഹാനി ഭയന്ന് യുവതി ഇക്കാര്യം മറച്ചുവച്ചു.

ഒൻപതാം ക്ലാസുകാരി പീഡന വിവരം അധ്യാപികയോട് പറഞ്ഞതോടെ കൗൺസിലിംഗ് നടത്തി ചൈൽഡ് ലൈനിൽ വിവരമറിയിച്ചു. തുടർന്ന് ചൈൽഡ് ലൈൻ അധികൃതർ നൽകിയ പരാതിയെ തുടർന്നാണ് മേൽപ്പറമ്പ് പോലീസ് അനീഷിനെതിരെ കേസെടുത്തത്.

സംഭവം നടന്നത് തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ പരിധിയിലായതിനാൽ കേസ് ഇവിടേക്ക് മാറ്റ്. തിങ്കളാഴ്ചയാണ് മാതമംഗലത്തു വെച്ചാണ് അനീഷിനെ പിടികൂടിയത്. അനീഷിനെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# സി.ഇ.ടിയിൽ സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിങ്ങിൽ ആഗസ്റ്റ് 8 രാവിലെ 11 ന് എം.ടെക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക്: www.cet.ac.in.

# നിർമാതാക്കളുടെ സംഘടന തെരഞ്ഞെടുപ്പ്: പത്രിക തള്ളിയതിനെതിരേ സാന്ദ്ര തോമസ് കോടതിയിൽ

കൊച്ചി: നിർമാതാക്കളുടെ സംഘടന പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക തള്ളിയതിനെതിരെ കോടതിയെ സമീപിച്ച് നിർമാതാവ് സാന്ദ്ര തോമസ്. ബൈലോ പ്രകാരം താൻ മത്സരിക്കാൻ യോഗ്യയാണെന്നാണ് എറണാകുളം സബ് കോടതിയിൽ നല്കിയ ഹർജിയിൽ സാന്ദ്ര ചൂണ്ടിക്കാട്ടുന്നത്. തെരഞ്ഞെടുപ്പിന് വരണാധികാരിയെ നിയമിച്ചത് ബൈലോക്ക് വിരുദ്ധമാണെന്നും ഹർജിയിലുണ്ട്. പ്രസിഡൻറ് സ്ഥാനത്തേക്കും ട്രഷറർ സ്ഥാനത്തേക്കുമുള്ള സാന്ദ്ര തോമസിന്റെ പത്രികയാണ് സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി തള്ളിയത്. പത്രിക തള്ളിയതിനെ സാന്ദ്ര തോമസ് ശക്തമായി പ്രതിഷേധിച്ചിരുന്നു. തിങ്കളാഴ്ച വരണാധികാരിയുമായും മറ്റ് അംഗങ്ങളുമായും വാക്കേറ്റവും ബഹളവും ഉണ്ടായി. തന്നോട് കാണിച്ചത് അനീതിയാണെന്നും ഗൂഢാലോചനയുടെ ഭാഗമാണെന്നും സാന്ദ്ര പ്രതികരിച്ചു. ഈ മാസം 14നാണ് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ തെരഞ്ഞെടുപ്പ്. പ്രസിഡൻറ്, എക്സിക്യൂട്ടീവ് കമ്മിറ്റി, ട്രഷറർ സ്ഥാനത്തേക്കുള്ള പത്രികയാണ് തള്ളിയത്. ട്രഷറർ സ്ഥാനത്തേക്കുള്ള പത്രിക പരിഗണിക്കുന്നതിനിടയിലാണ് വാക്കുതർക്കം ഉണ്ടായത്. പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ മത്സരിക്കാനായി സാന്ദ്ര തോമസ് കഴിഞ്ഞ ദിവസമാണ് നാമനിർദേശ പത്രിക നൽകിയത്. നിർമാതാവ് എന്ന നിലയിൽ സ്വതന്ത്രമായി മൂന്ന് സിനിമകളുടെ സെൻസർ സർട്ടിഫിക്കറ്റ് വേണം എന്നായിരുന്നു വരണാധികാരിയുടെ നിലപാട്. ഒമ്പത് സിനിമകൾ നിർമിച്ചയാളാണ് താനെന്നും ഫ്രൈഡേ ഫിലിംസുമായി സഹകരിച്ച് ഏഴു സിനിമകളും സ്വന്തം ബാനറിൽ രണ്ടു സിനിമകളും നിർമിച്ചെന്നും സാന്ദ്ര വരണാധികാരികൾക്ക് മുന്നിൽ വ്യക്തമാക്കുകയുണ്ടായി.

# നടൻ ഷാനവാസിന് വിട നല്കി സിനിമാലോകം; പൊതുദർശനം വസതിയിൽ

തിരുവനന്തപുരം: പ്രേംനസീറിന്റെ മകനും നടനുമായ ഷാനവാസിന് വിട നല്കി മലയാള സിനിമ - സീരിയൽ ലോകം. രാവിലെ പത്തരയോടെ തിരുവനന്തപുരം വഴുതയ്ക്കാട് ഉള്ള വസതിയിൽ ആരംഭിച്ച പൊതുദർശനത്തിൽ ചലച്ചിത്ര രംഗത്തെയും സാമൂഹിക സാംസ്കാരിക രംഗത്തെയും നിരവധി പേർ അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിച്ചു. വൈകുന്നേരം അഞ്ചിന് പാളയം ജുമാ മസ്ജിദ് ഖബർസ്ഥാനിലാണ് സംസ്കാരം. വൃക്ക രോഗത്തെത്തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ തുടരുന്നതിനിടെ തിങ്കളാഴ്ച രാത്രിയായിരുന്നു നടൻ ഷാനവാസിന്റെ അന്ത്യം. മലയാളത്തിലും തമിഴിലുമായി അൻപതിലേറെ ചിത്രങ്ങളിൽ അഭിനയിച്ച ഷാനവാസ് സീരിയലുകളിലും സജീവമായിരുന്നു.മലയാളം, തമിഴ് ഭാഷകളിലായി അൻപതോളം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. 1981 ൽ ബാലചന്ദ്രമേനോൻ സംവിധാനം ചെയ്ത പ്രേമഗീതം എന്ന ചലച്ചിത്രത്തിലൂടെയാണ് ഷാനവാസ് സിനിമ രംഗത്തേക്ക് കടന്നത്. നിരവധി സിനിമകളിൽ ശ്രദ്ധേയമായ വേഷങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. മഴനിലാവ്, മണിയറ, ചിത്രം, നീലഗിരി, സക്കറിയയുടെ ഗർഭിണികൾ, ജനഗണമന എന്നീ ചലച്ചിത്രങ്ങളിലും സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്.